ജൂലൈ 2025 വാല്യം 64 ലക്കം 07

# ദൈവരാജ്യം

കോതമംഗലം രൂപതാ ബുള്ളറ്റിൻ

ܬܐܘܡܐ ܫܠܝܚܐ

ܡܪܝ ܘܐܠܗܝ



യേശു അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു;
കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ. - യോഹന്നാൻ 20 : 29

പ്രത്യാശയിൽ ഒന്നുചേർന്ന്

# കോതമംഗലം രൂപതാദിനം

സെന്റ് റീത്താസ് ഫൊറോന പള്ളി, കാളിയാർ

**28 ജൂൺ 2025**












# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

ജൂലൈ 2025 വാല്യം 64 ലക്കം 7




## ഉള്ളടക്കം


5 ഇടയലേഖനം – ദുക്റാന തിരുനാൾ
11 ലോക സാമൂഹ്യ സമ്പർക്ക മാധ്യമദിന സന്ദേശം
18 യുവജനദിനം – സർക്കുലർ
23 2025 ജൂബിലി വർഷ കർമ്മപദ്ധതി
24 രൂപതക്കച്ചേരി
28 മൈനർ സെമിനാരി
29 വിജ്ഞാനഭവൻ
32 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
34 നിർമ്മല സിവിൽ സർവീസ് അക്കാദമി
35 സോഷ്യൽ സർവീസ്
37 തിരുബാലസഖ്യം
38 ചെറുപുഷ്പ മിഷൻലീഗ്
40 കെ. സി. എസ്. എൽ.
41 ഫാമിലി അപ്പോസ്റ്റലേറ്റ്
42 പ്രോ–ലൈഫ്
42 പിതൃവേദി
43 മാതൃവേദി
44 യൂദിത്ത് മിനിസ്ട്രി
45 മദ്യവിരുദ്ധസമിതി
45 ഡി. എഫ്. സി.
47 യുവദീപ്തി – K.C.Y.M.
48 ജീസസ് യൂത്ത്
49 കത്തോലിക്കാ കോൺഗ്രസ്
50 പ്രാർത്ഥനാഗ്രൂപ്പ്
51 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
53 കേരള ലേബർ മൂവ്മെന്റ്
54 നെസ്റ്റ് പ്രോഗ്രാം
54 തിരുനാൾ മംഗളങ്ങൾ
55 രൂപതാദ്ധ്യക്ഷന്റെ ഡയറി
57 Bishop's Engagements
58 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
58 നിര്യാതയായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ

Page 5 ഇടയലേഖനം – ദുക്റാന തിരുനാൾ
Page 18 സർക്കുലർ – യുവജനദിനം
Page 24 സഭാദിന പിരിവ്
Page 24 വൈദികരുടെ വാർഷികധ്യാനം
Page 32 ലോഗോസ് ക്വിസ്

## തിരുനാളുകൾ



**3**
മാർ തോമ്മാശ്ലീഹാ
യുടെ ദുക്റാന
തിരുനാൾ




**11**
വി. ബനഡിക്ട്



**15**
വി. കുര്യാക്കോസും
വി. ജൂലിറ്റായും



**16**
കർമ്മല മാതാവ്



**22**
വി. മഗ്ദലേന മറിയം




**25**
വി. യാക്കോബ്
ശ്ലീഹാ




**26**
വി. യോവാക്കിമും
വി. അന്നായും



**28**
വി. അൽഫോൻസ




**31**
വി. ഇഗ്നേഷ്യസ്
ലയോള

Prot. No. 0482/2025

# ഇടയലേഖനം

## ദുക്റാനതിരുനാൾ – സഭാദിനം 2025

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മരണദിവസമായ ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ ദുക്റാന തിരുനാളാണ്. ധീരനായ ഈ ശ്ലീഹായുടെ പ്രേഷിതപ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും വളർച്ചയാരംഭിച്ച നമ്മുടെ സഭ ഈ ദിവസംതന്നെ സഭാദിനമായും ആചരിക്കുന്നു. സീറോമലബാർസഭയുടെ മക്കളായ നമുക്കു ഈ ഓർമത്തിരുനാളും സഭാദിനവും കൃതജ്ഞതാപ്രകാശനത്തിനും ആത്മപരിശോധനയ്ക്കും ദൗത്യനവീകരണത്തിനുമുള്ള അവസരമാണ്.

മാർതോമാശ്ലീഹായുടെ മാതൃക അനുകരിച്ചുകൊണ്ടു, വിശ്വാസത്തിനു സാക്ഷ്യംനല്കുന്ന ക്രൈസ്തവജീവിതശൈലിക്ക് സമകാലികസമൂഹത്തിൽ ഏറെ പ്രാധാന്യമുണ്ട്. ഉപരിപ്ലവങ്ങളായ അറിവുകളുടെയും അടിസ്ഥാനരഹിതമായ വാദഗതികളുടെയും ഈ കാലഘട്ടത്തിൽ നമ്മൾ പ്രഘോഷിക്കുന്ന സുവിശേഷം ഫലമണിയണമെങ്കിൽ അതു ഹൃദയത്തിൽ നിറയുന്ന ദൈവസ്നേഹത്തിൽനിന്ന് ഉയരുന്നതാകണം. സംശയത്തിന്റെ വഴിയിൽനിന്നു ദൈവാനുഭവത്തിന്റെ വ്യക്തിപരമായ സാക്ഷ്യം തോമാശ്ലീഹാ നല്കിയതു ഹൃദയത്തിൽനിന്നുള്ള സ്നേഹത്തിന്റെ പ്രകടനമായിട്ടായിരുന്നു. “എന്റെ കർത്താവേ, എന്റെ ദൈവമേ” എന്ന വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ള ശ്ലീഹായുടെ സ്നേഹത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു. വിശ്വാസപ്രതിസന്ധികളുടെയും അനിശ്ചിതത്വങ്ങളുടെയുമിടയിൽ ഈശോയുടെ

പുനരുത്ഥാനസത്യത്തെ ഹൃദയംനിറഞ്ഞ സ്നേഹത്തോടെ പ്രഘോഷിക്കാൻ ഓരോരുത്തർക്കും സാധിക്കുമ്പോഴാണു നമ്മുടെ പിതാവിന്റെ ദുക്റാന അർഥപൂർണമാകുന്നത്. കുരിശിന്റെ അപമാനവും വേദനയും സഹിച്ചെങ്കിൽമാത്രമേ ഉത്ഥിതന്റെ മഹത്വാനുഭവം സ്വന്തമാക്കാൻ സാധിക്കുകയുള്ളു. ഉത്ഥാനംചെയ്ത ഈശോയുടെ മഹത്വീകൃതമായ ശരീരത്തിൽ തോമാശ്ലീഹാ വിശ്വാസപൂർവം ദർശിച്ച തിരുമുറിവുകൾ നമ്മുടെ ജീവിതവഴികളിൽ വിശ്വാസപ്രഘോഷണത്തിനുള്ള പ്രചോദനവും ഊർജവും നല്കട്ടെ.

ജൂലൈ മൂന്നാം തീയതി സീറോമലബാർസഭാദിനം വർഷങ്ങളായി നമ്മൾ ആചരിച്ചുവരികയാണല്ലോ. നമ്മുടെ സഭയ്ക്കു ദൈവം നല്കിയ അനുഗ്രഹങ്ങൾക്കു നന്ദിപറയാനും സഭാമക്കൾ എല്ലാവരുടെയും പ്രവർത്തനമേഖലകളിൽ ദൈവാനുഗ്രഹത്തിന്റെ തണൽമേഘങ്ങൾ രൂപപ്പെടാൻ പ്രാർഥിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്താം. ത്യാഗപൂർണമായ ചരിത്രവഴികളിലൂടെ യാത്രചെയ്താണ് ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി സീറോമലബാർസഭ വളർന്നിരിക്കുന്നത്. കേരളത്തിൽനിന്നു ഭാരതം മുഴുവനിലേക്കും ഭാരതത്തിന്റെ അതിർത്തികളിൽനിന്നു വിവിധ രാജ്യങ്ങളിലേക്കും വ്യാപിച്ചിരിക്കുകയാണ് നമ്മുടെ അജപാലനമേഖലകൾ. ലോകത്തിന്റെ എല്ലാഭാഗങ്ങളിലുംതന്നെ സീറോമലബാർ സഭയിലെ വൈദികരും സിസ്റ്റേഴ്സും അല്മായസഹോദരങ്ങളും തങ്ങളുടെ മാതൃസഭയിൽന്നു ലഭിച്ച വിശ്വാസവെളിച്ചം മറ്റുള്ളവർക്കു പകർന്നുകൊടുത്തുകൊണ്ടു ജീവിക്കുന്നു എന്നത് അഭിമാനകരമായ വസ്തുതയാണ്. ഈ യാഥാർഥ്യം അജപാലനപരമായ നമ്മുടെ ഉത്തരവാദിത്വത്തെയും അതിനുള്ള അനന്തമായ സാധ്യതകളെയും കുറിച്ചും നമ്മെ ഓർമപ്പെടുത്തുന്നു. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി. 9:16) എന്ന പൗലോസ് ശ്ലീഹായുടെ ഏറ്റുപറച്ചിൽ സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്. നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും നമ്മുടെ മിഷൻപ്രദേശങ്ങളിലേയ്ക്കും സുവിശേഷം പ്രഘോഷിക്കാനും കൂദാശകൾ പരികർമം ചെയ്യാനും സാധ്യതകളില്ലാത്ത ഇടങ്ങളിലേയ്ക്കും ഇനിയും കടന്നുചെല്ലണം. അങ്ങനെ നമ്മുടെ സഭ ഒരു മിഷനറിസഭയായി എന്നും നിലനില്ക്കണം. രൂപതകളും സമർപ്പിതസഹോദരങ്ങളും അല്മായ മിഷൻ സംവിധാനങ്ങ

ളും ഈ മേഖലയിൽ ഒരു പുനഃക്രമീകരണത്തിനു തയ്യാറാകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്.

2025 ജനുവരിമാസത്തിലെ സിനഡുസമ്മേളനത്തിൽ അവതരിപ്പിച്ച കണക്കനുസരിച്ച് നമ്മുടെ സഭയിൽ കഴിഞ്ഞ വർഷം 283 വൈദിക വിദ്യാർഥികൾ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലുമായി തിരുപ്പട്ടം സ്വീകരിച്ചു. സീറോമലബാർസഭയിലെ പുരുഷന്മാർക്കായുള്ള സമർപ്പിതസമൂഹങ്ങളിൽ 132 പേർ ആദ്യവ്രതവാഗ്ദാനം നടത്തിയപ്പോൾ 145 പേർ നിത്യവ്രതവാഗ്ദാനം നടത്തി. സ്ത്രീകളുടെ സമർപ്പിത സമൂഹങ്ങളിൽ 272 പേർ സമർപ്പിതവസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനം നടത്തുകയും 338 പേർ നിത്യവ്രതംചെയ്യുകയും ചെയ്തു. മറ്റ് വ്യക്തിസഭകളിലും അവിടെയുള്ള സമർപ്പിതസമൂഹങ്ങളിലും ചേർന്ന് വൈദികപട്ടം സ്വീകരിക്കുകയും വ്രതവാഗ്ദാനംചെയ്യുകയും ചെയ്ത സീറോമലബാർ സഭാംഗങ്ങളുടെ എണ്ണം ഇതിനുപുറമേയാണ്. ഞാൻ നിങ്ങളുമായി ഈ കണക്കുകൾ പങ്കുവയ്ക്കുന്നതു നമ്മുടെ സഭയ്ക്കു ദൈവം നല്കികൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കു നന്ദി പറയാനും നമ്മുടെ വൈദികരെയും സമർപ്പിതരെയും അല്മായപ്രേഷിതരെയും പ്രത്യേകമായി, ക്ലേശകരമായ സാഹചര്യങ്ങളിൽ ജീവനുപോലും ഭീഷണിനേരിട്ടുകൊണ്ട് ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഓർത്തു പ്രാർഥിക്കുന്നതിനുവേണ്ടിയാണ്. വൈദിക സമർപ്പിത ദൈവവിളികൾ സ്വീകരിക്കുന്നതിനു സന്നദ്ധതയും കഴിവുമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചുവളർത്താൻ സഭാസമൂഹം ഒന്നായി ശ്രദ്ധിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ആഗോളസഭയെയും സമൂഹത്തെയും ദുഃഖത്തിലാഴ്ത്തിയാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2025 ഏപ്രിൽ 21-നു കാലം ചെയ്തത്. ഏപ്രിൽ 26-നു പരിശുദ്ധ പിതാവിന്റെ കബറടക്കശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിച്ചത് വലിയ ഒരു ആത്മീയാനുഭവമായിരുന്നു. മാർപാപ്പയെ കബറടക്കിയിരിക്കുന്ന മേരി മേജർ ബസിലിക്കയിൽ നമ്മുടെ സഭയിലെ ഏതാനും പിതാക്കൻമാരോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു മാർപാപ്പയ്ക്കുവേണ്ടി പ്രാർഥിക്കാനും അവസരം ലഭിച്ചു. സീറോമലബാർസഭയെ സ്നേഹിച്ച ഒരു മാർപാപ്പയാണ് കടന്നുപോയത്. ഭാരതം മുഴുവനിലും നമുക്ക് അജപാലനധികാരം നല്കിയതും ഗൾഫുരാജ്യങ്ങളിൽ നമ്മുടേതായ അജപാലനസംവിധാനം രൂപപ്പെടുത്താനുള്ള നടപടികൾ ദ്രുതഗതിലാക്കിയതും നമ്മുടെ

സഭാമക്കളുടെ ആത്മീയ ആവശ്യത്തിനായി റോമിലെ സാന്താ അനസ്താസിയ മൈനർ ബസിലിക്ക നമുക്കു നല്കിയതും ഫ്രാൻസിസ് മാർപാപ്പയാണെന്നതു കൃതജ്ഞതയോടെ ഓർക്കാം. നമ്മുടെ സഭയുടെ ഐക്യവും കൂട്ടായ്മയും പരിപോഷിപ്പിക്കുന്നതിനുവേണ്ടി പിതൃസഹജമായ ഇടപെടലുകൾ മാർപാപ്പ നടത്തിയതും നമ്മുടെ സഭയോടുള്ള കരുതലിന്റെ ഭാഗമായിരുന്നു. സിനഡൽ സംവിധാനത്തിലൂടെ പരസ്പരം ശ്രവിച്ചും ഉൾക്കൊണ്ടും ഒരുമിച്ചുനടക്കാൻ നമ്മെ പഠിപ്പിച്ച ആ വന്ദ്യപിതാവിന്റെ ഓർമയ്ക്കുമുൻപിൽ, നന്ദിനിറഞ്ഞ ഹൃദയത്തോടെ സീറോമലബാർസഭയുടെ ആദരവും സ്നേഹവും ഞാൻ അർപ്പിക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആത്മശാന്തിക്കുവേണ്ടി നമുക്കു തുടർന്നും പ്രാർഥിക്കാം.

ദൈവം സഭയ്ക്കു നല്കിയിരിക്കുന്ന സമ്മാനമാണ് പുതിയ മാർപാപ്പ ലെയോ പതിനാലാമൻ. പാപ്പാസ്ഥാനം ഏറ്റെടുത്ത ദിനങ്ങളിൽത്തന്നെ വിവിധവിഷയങ്ങളിലുള്ള വ്യക്തമായ നിലപാടുകളും ലോകത്തോടും ആഗോളസഭയോടുമുള്ള സംവേദനങ്ങളുംവഴി മാർപാപ്പ ലോകശ്രദ്ധ ആകർഷിച്ചുകഴിഞ്ഞു. പൗരസ്ത്യസഭകളെ സംബന്ധിച്ചു ഏറെ സുപ്രധാനമായ ഒരു ഇടപെടൽ മാർപാപ്പ നടത്തിയത് 2025 മെയ് 14-നാണ്. അന്ന് പൗരസ്ത്യസഭകൾക്കായുള്ള റോമിലെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്ത പൗരസ്ത്യസഭകളുടെ തലവന്മാരെയും മറ്റുള്ളവരെയും അഭിസംബോധനചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് നടത്തിയ പ്രസംഗം പൗരസ്ത്യസഭകളോടുള്ള പരിശുദ്ധപിതാവിന്റെ അജപാലനസമീപനം എന്താണെന്നുള്ള പ്രഖ്യാപനമായിരുന്നു. പൗരസ്ത്യസഭകൾ കത്തോലിക്കാസഭാകൂട്ടായ്മയുടെ വിലപ്പെട്ട ഘടകങ്ങളാണെന്നും അവയുടെ തനതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിന് ആവശ്യമായ പ്രതിബദ്ധത കാണിക്കണമെന്നും ആരാധനക്രമ സഭാശാസ്ത്ര വൈവിധ്യങ്ങൾ എല്ലാവരും ബഹുമാനിക്കുകയും അംഗീകരിക്കുകയും വേണമെന്നുള്ള മാർപാപ്പയുടെ ആഹ്വാനം പൗരസ്ത്യസഭകളുടെ തനതായ്മയ്ക്കുള്ള പ്രോത്സാഹനവും അംഗീകാരവുമായിരുന്നു. അന്നേദിവസം പൗരസ്ത്യസഭാതലവന്മാർക്ക് അനുവദിച്ച പ്രത്യേക കൂടിക്കാഴ്ചയ്ക്കിടയിൽ പരിശുദ്ധ പിതാവിനെ വ്യക്തിപരമായി കാണാനും സീറോമലബാർസഭയുടെ പ്രാർഥനാശംസകൾ അറിയിക്കാനും എനിക്ക് അവസരം ലഭിച്ചു. പൗരസ്ത്യപാരമ്പര്യങ്ങ

ളോടു വിശ്വസ്തത പുലർത്തി ആഗോളസഭയിൽ സജീവസാന്നിധ്യ മായി മുന്നോട്ടുപോകാനുള്ള അവസരമാണ് മാർതോമാശ്ലീഹായുടെ മക്കളായ നമുക്കു ലഭിച്ചിരിക്കുന്നത്. പരിശുദ്ധ പിതാവു പറഞ്ഞതു പോലെ ആധുനികലോകത്തിൽ പൗരാണികവിശ്വാസത്തിന്റെ സാക്ഷ്യം നല്കുന്ന കിഴക്കുനിന്നുള്ള വെളിച്ചമാകാൻ ഒരു പൗരസ്ത്യ സഭയെന്നനിലയിൽ നമുക്കു കൂട്ടായ്മയിൽ പരിശ്രമിക്കാം. ഈശോയുടെ ഭൂമിയിലെ വികാരിയും പത്രോസിന്റെ പിൻഗാമിയുമായ മാർപാപ്പയുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിനുള്ള കരുത്തും ആത്മാവിന്റെ വെളിച്ചവും പരിശുദ്ധ പിതാവു ലെയോ പതിനാലാമനു ലഭിക്കുന്നതിനുവേണ്ടി നമുക്കു പ്രത്യേകം പ്രാർഥിക്കാം.

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ള ആത്മബന്ധത്തിന്റെ ഫലമായി ഹൃദയത്തിൽനിന്നുയർന്ന വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു എന്നു ഞാൻ പറഞ്ഞുവല്ലോ. നമ്മുടെ ആത്മീയജീവിതത്തിലും സഭാത്മകജീവിതത്തിലും ഹൃദയബന്ധത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനമാണ് 2024 ഒക്ടോബർ മാസത്തിൽ പുറപ്പെടുവിച്ച 'അവൻ നമ്മെ സ്നേഹിച്ചു' (Dilexit Nos) എന്ന ചാക്രികലേഖനം. ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിലായിരിക്കാനും അതുവഴി യഥാർഥവും പൂർണവുമായ ജീവിതം നയിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതു നിരുപാധികവും സമ്പൂർണവുമായ സ്നേഹത്തിന്റെ തികഞ്ഞ മാതൃകയായ ഈശോയുടെ ഹൃദയമാണെന്നു പരിശുദ്ധ പിതാവ് ഈ ചാക്രിക ലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ഇന്നു ലോകത്തിൽ കാണപ്പെടുന്ന നിസ്സംഗതയും അനാസ്ഥയും ഉപരിപ്ലവതയും മനുഷ്യഹൃദയത്തിൽ ഉരുത്തിരിയുന്ന ശൂന്യതയുടെ പ്രതിഫലനമാണ്. സമൂഹത്തിലെ വ്യത്യസ്തതകളെ സമന്വയിപ്പിക്കാനും മനുഷ്യവംശത്തെ നവീകരിക്കാനും സാധിക്കുന്നത് ഈശോയുടെ ഹൃദയവുമായി ഐക്യത്തിലായിരിക്കുന്ന ഹൃദയങ്ങളിലൂടെയാണ്. അതിനാൽ നമ്മുടെ സമൂഹങ്ങൾ നവീകരിക്കപ്പെടേണ്ടത് നാമോരോരുത്തരുടെയും ഹൃദയനവീകരണത്തിൽനിന്നാണ്. വ്യത്യസ്ത ചിന്താധാരകളെയും ആഗ്രഹങ്ങളെയും യോജിപ്പിക്കുന്നതിനും അനുരഞ്ജി

പ്പിക്കുന്നതിനും നമ്മുടെ സമൂഹങ്ങൾ പ്രാപ്തമാകണമെങ്കിൽ നവീകരണം ഓരോരുത്തരുടെയും ഹൃദയത്തിൽനിന്ന് ആരംഭിക്കണം. അതുവഴി സാഹോദര്യത്തിന്റെ ഐക്യത്തിൽ പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നതിന് ഇടയാകും (നമ്പർ 28). ഈ ഹൃദയനവീകരണം സാധ്യമാകണമെങ്കിൽ സ്വന്തം കഴിവിൽ അമിതമായി ആശ്രയിക്കാതെ ഈശോയുടെ തിരുഹൃദയത്തിലേക്കു തിരിയേണ്ടത് അത്യാവശ്യമാണ്. തിരുഹൃദയത്തിലാണു നമ്മൾ നമ്മെത്തന്നെ കണ്ടെത്തുന്നതും സ്നേഹിക്കാൻ പഠിക്കുന്നതും (നമ്പർ 30). അതിനാൽ നാം മാറ്റം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയങ്ങളുടെ നവീകരണത്തിൽനിന്നു തുടക്കംകുറിക്കണം. നമ്മുടെ കുടുംബങ്ങളുടെയും സഭാസമൂഹങ്ങളുടെയും യഥാർഥത്തിലുള്ള നവീകരണം സാധ്യമാകണമെങ്കിൽ ഓരോരുത്തരും മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും മാറ്റിവച്ച് ഈശോയുടെ ഹൃദയവുമായി ബന്ധം സ്ഥാപിച്ച് അതിൽനിന്നു ലഭിക്കുന്ന ആത്മീയ ഉണർവിലൂടെ സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും മനോഭാവം സ്വീകരിക്കണം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

NB: ഈ ഇടയലേഖനം 2025 ജൂൺ 29-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

No. 4118/K-5/KCBC/OL/DS 13.06.2025

# 59-ാമത് ലോക സാമൂഹ്യ സമ്പർക്ക ദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകിയ സന്ദേശം

## നിങ്ങളുടെ ഹൃദയത്തിൽ ഉള്ള പ്രത്യാശ ആദരപൂർവ്വം പങ്കുവയ്ക്കുക (1 പത്രോ 3:15-16)

പ്രിയ സഹോദരീസഹോദരന്മാരേ,

ചില അധികാര കേന്ദ്രങ്ങൾ വസ്തുതകളും വിവരങ്ങളും (data and information) നിയന്ത്രിക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ ഈ കാലഘട്ടത്തിൽ തെറ്റായ അറിവും ധ്രുവീകരണവും നിറയുമ്പോൾ, എക്കാലത്തിലും ഉപരിയായി പത്രപ്രവർത്തകരും വാർത്താവിനിമയ വാഹകരും എന്ന നിലയിൽ നിങ്ങളുടെ പ്രാധാന്യത്തെ മനസ്സിലാക്കികൊണ്ട് നിങ്ങളോട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവർക്കായി വാർത്തകൾ സംവേദനം ചെയ്യുക എന്ന പ്രവൃത്തിയുടെ വ്യക്തിപരവും സാമൂഹ്യവുമായ ഉത്തരവാദിത്വത്തിൽ നിങ്ങളുടെ ധൈര്യപൂർവ്വമായ ശ്രമങ്ങൾ യഥാർത്ഥത്തിൽ അനിവാര്യമായവയാണ്.

### ജൂബിലിയെക്കുറിച്ച് ഞാൻ ചിന്തിക്കുമ്പോൾ

അസ്വാസ്ഥ്യ ജനകമായ ഈ കാലഘട്ടത്തിൽ ഈ വർഷം നാം കൃപയുടെ നേരമായി കരുതുകയാണ്; ഈ പശ്ചാത്തലത്തിൽ ഞാൻ നിങ്ങളെ പ്രത്യാശയുടെ സന്ദേശവാഹകരാകാൻ (communicators of hope) ക്ഷണിക്കുകയാണ്; അതായത് നിങ്ങളുടെ പ്രവർത്തനവും ദൗത്യവും സുവിശേഷത്തിന്റെ ചൈതന്യത്താൽ നവീകരിച്ചുകൊണ്ട് ആരംഭിക്കാൻ.

### സാമൂഹ്യസമ്പർക്കം നിരായുധീകരിക്കുന്നത്

ഇന്ന് പലപ്പോഴും സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ പ്രത്യാശ ജനിപ്പിക്കാറില്ല; അവ ഭയവും നിരാശയും, മുൻവിധിയും നീരസവും, മതഭ്രാന്തും വിദ്വേഷവുമാണ് പ്രചരിപ്പിക്കുന്നത്. പലപ്പോഴും അത് യാഥാർത്ഥ്യത്തെ ലഘൂകരിക്കുകയും ഉടനടി തിരിച്ചടിക്കാൻ പ്രകോപനം സൃഷ്ടിക്കുകയും ചെയ്യുന്നു; വാക്കുകൾ അവ മൂർച്ചയേറിയ ആയുധമായി ഉപയോഗിക്കുന്നു. തെറ്റായതും കൗശലപൂർവം മെനഞ്ഞെടുത്തതുമായ വാർത്തകൾ ഉപയോഗിച്ചുകൊണ്ട് പ്രക്ഷോഭിപ്പിക്കാനും

പ്രകോപിപ്പിക്കാനും മുറിവേൽപ്പിക്കാനും ഉതകുന്ന സന്ദേശങ്ങൾ അയയ്ക്കുന്നു. സാമൂഹ്യസമ്പർക്ക മാധ്യമം നിരായുധീകരിക്കേണ്ടതിനെക്കുറിച്ച് ഞാൻ പല അവസരങ്ങളിലും സംസാരിച്ചിട്ടുണ്ട്; അക്രമ സ്വഭാവത്തിൽ നിന്ന് അതിനെ ശുദ്ധീകരിക്കേണ്ടതായുണ്ട്. യാഥാർത്ഥ്യത്തെ മുദ്രാവാക്യങ്ങൾ ആക്കി മാറ്റുന്നത് ഒരിക്കലും സഹായകരമാവില്ല. ദൃശ്യമാധ്യമങ്ങളിലെ ചർച്ചകളിലും സോഷ്യൽ മീഡിയയിലും നടക്കുന്ന വാക്കുകൾ കൊണ്ടുള്ള ആക്രമണം നമുക്കറിയാവുന്നതാണല്ലോ; മത്സരവും എതിർപ്പും ആധിപത്യ സ്വഭാവവും പിടിച്ചടക്കലും ഒക്കെ പൊതുജനാഭിപ്രായത്തെ നിയന്ത്രിക്കാനുള്ള മാർഗമാകും.

അസ്വസ്ഥത ജനിപ്പിക്കുന്ന മറ്റൊരു പ്രതിഭാസമാണ് ശ്രദ്ധ വികേന്ദ്രീകരണ/ചിതറിപ്പിക്കൽ പരിപാടി (programmed dispersion of attention); അത് ഡിജിറ്റൽ സിസ്റ്റംസ് വഴിയായി കമ്പോളത്തിന്റെ യുക്തിക്കനുസരിച്ച് നമുക്ക് ലാഭമുണ്ടാക്കി തരികയും യാഥാർത്ഥ്യത്തെകുറിച്ചുള്ള നമ്മുടെ പരിപ്രേക്ഷ്യം വ്യത്യസ്തമാക്കുകയും ചെയ്യും. തത്ഫലമായി പലപ്പോഴും നിസ്സഹായമാംവിധം നാം കാണുന്നത് താല്പര്യങ്ങളുടെ ഒരുതരം അണുവൽക്കരണം (atomization) ആണ്; അതു നമ്മുടെ സാമൂഹ്യ പ്രസ്തുതത്തിന്റെ അടിത്തറകൾ ഇളക്കിമറിക്കുന്നതിൽ പരിണമിക്കുന്നു; അത് പൊതു നന്മയ്ക്കായുള്ള നമ്മുടെ ഉദ്യമത്തിൽ സംഘംചേരാനും പരസ്പരം ശ്രവിക്കാനും അപരരുടെ വീക്ഷണ കോണുകൾ മനസ്സിലാക്കാനുമുള്ള കഴിവ് കുറയ്ക്കുന്നു. നമ്മുടെ സ്വത്വത്തെ നിലനിർത്തുന്നതിനായി നമുക്ക് കിടപിടിക്കാനായി ഒരു ശത്രുവിനെ കണ്ടെത്തുക അനിവാര്യമായി ഭവിക്കുന്നു. എന്നാൽ മറ്റുള്ളവർ നമ്മുടെ ശത്രുക്കളായി മാറുമ്പോൾ അവരെ നിന്ദിക്കാനും പുച്ഛിക്കാനുമായി നാം അവരുടെ വ്യക്തിത്വവും മാഹാത്മ്യവും നിരാകരിക്കുമ്പോൾ, നമുക്ക് തന്നെയും പ്രത്യാശ ജനിപ്പിക്കാൻ ഉള്ള സാധ്യത കൈമോശം വരുന്നു. ഡോൺ ടോണിനോ ബെല്ലോ നിരീക്ഷിച്ചതു പോലെ 'എല്ലാ സംഘർഷങ്ങളും ആരംഭിക്കുന്നത് വ്യക്തികളുടെ മുഖങ്ങൾ അലിഞ്ഞു പോവുകയും ഇല്ലാതാവുകയും ചെയ്യുമ്പോഴാണ്.' ഈ മനോഭാവത്തിന് നാം വഴങ്ങിക്കൊടുക്കരുത്.

പ്രത്യാശ എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ജോർജസ് ബർണാനോസ് ഒരിക്കൽ പറഞ്ഞു: 'തങ്ങൾ ഒരിക്കൽ സുരക്ഷിതത്വം കണ്ടെത്തുകയും തെറ്റായി പ്രത്യാശ ആണെന്ന് കരുതുകയും ചെയ്തവ വ്യാമോഹങ്ങളും നുണകളും ആയിരുന്നുവെന്ന് മനസ്സിലാക്കി വിഷാദിക്കാൻ ധൈര്യമുള്ളവർക്കു മാത്രമേ പ്രത്യാശിക്കാൻ കഴിയൂ...

സാഹസത്തിനു (risk) തുനിയുക എന്നതാണ് പ്രത്യാശ. അത് സാഹസത്തിന്റെ മേലുള്ള സാഹസമാണ് (risk of risks). പ്രത്യാശ എന്നത് ഒരു നിഗൂഢമായ സുകൃതമാണ്; അത് ദൃഢമായതും ക്ഷമാശീലമുള്ളതുമാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പാ തന്റെ 'പ്രത്യാശയിൽ രക്ഷ' (Spe Salvi) എന്ന ചാക്രിക ലേഖനത്തിൽ കുറിച്ചതുപോലെ, പ്രത്യാശ എന്നത് നിഷ്ക്രിയമായ ശുഭാപ്തി വിശ്വാസം അല്ല, മറിച്ച് ക്രിയാത്മകമായ (performative) ഒരു സുകൃതമാണ്; അതിന് നമ്മുടെ ജീവിതങ്ങളെ പരിവർത്തനപ്പെടുത്താനാകും: 'പ്രത്യാശിക്കുന്നവർ വ്യത്യസ്തരായി ജീവിക്കുന്നു; അവർക്ക് പുതിയ ജീവൻ എന്ന ദാനം നൽകപ്പെട്ടിരിക്കുന്നു' (ഖണ്ഡിക 2).

**ആദരപൂർവം നമ്മുടെ ഉള്ളിലെ പ്രത്യാശയെക്കുറിച്ച് പ്രഖ്യാപിക്കുന്നത്**

പത്രോസിന്റെ ഒന്നാം ലേഖനത്തിൽ (3:15-16) പ്രത്യാശയെ ക്രൈസ്തവ സാക്ഷ്യവും സാമൂഹ്യ സമ്പർക്കവുമായി ബന്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു സുന്ദരമായ സമന്വയം നാം കാണുന്നു: 'ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കുവിൻ. നിങ്ങൾക്കുള്ള പ്രത്യാശയെ പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിൻ. എന്നാൽ, അതു വിനയത്തോടും ഭയത്തോടും കൂടെ ആയിരിക്കട്ടെ.' ഈ വാക്കുകളിൽ നിന്ന് മൂന്ന് സന്ദേശങ്ങൾ സ്വീകരിക്കാൻ ഞാൻ താല്പര്യപ്പെടുന്നു.

ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കുവിൻ. ക്രിസ്ത്യാനികളുടെ പ്രത്യാശയ്ക്ക് ഒരു മുഖമുണ്ട്, അതായത് ഉത്ഥിതനായ നാഥന്റെ മുഖം. പരിശുദ്ധാത്മാവിന്റെ ദാനം വഴിയായി നമ്മോടൊപ്പം എപ്പോഴും വസിക്കാം എന്ന അവന്റെ വാഗ്ദാനം എല്ലാ പ്രത്യാശയ്ക്കും എതിരായി പ്രത്യാശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു; എല്ലാ കാര്യങ്ങളും നഷ്ടപ്പെട്ടു എന്നു തോന്നുമ്പോഴും നിശബ്ദമായി സന്നിഹിതമായിരിക്കുന്ന നിഗൂഢമായ നന്മ മനസ്സിലാക്കാനും അത് നമ്മെ പ്രാപ്തരാക്കുന്നു.

നമ്മുടെ ഉള്ളിലുള്ള പ്രത്യാശ എന്താണെന്ന് വിശദീകരിക്കാൻ നാം തയ്യാറായിരിക്കണം എന്നതാണ് രണ്ടാമത്തെ സന്ദേശം. നമ്മുടെ പ്രത്യാശയെ പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിൻ എന്നാണ് പത്രോസ് പറയുന്നത്.

ക്രൈസ്തവർ എന്നു പറയുന്നവർ പ്രഥമമായി ദൈവത്തെക്കുറിച്ച് സംസാരിക്കുന്നവർ അല്ല, മറിച്ച് ദൈവത്തിന്റെ സ്നേഹത്തിന്റെ സൗന്ദര്യം പ്രതിധ്വനിപ്പിക്കുന്നവരും ഒരു പുതിയ രീതിയിൽ എല്ലാം അനുഭവിക്കാനാകും എന്ന് കാണിച്ചു തരുന്നവരുമാണ്. നിങ്ങൾ എന്തുകൊണ്ടാണ് ഇങ്ങനെ ജീവിക്കുന്നത്? നിങ്ങൾ എന്തുകൊണ്ടാണ് ഇപ്രകാരം ആയിരിക്കുന്നത് എന്ന ചോദ്യങ്ങൾ ഉന്നയിക്കുകയും അതിന് ഉത്തരം അന്വേഷിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു ജീവിക്കപ്പെടുന്ന സ്നേഹമാണ് അവരുടേത്.

വിശുദ്ധ പത്രോസിന്റെ വാക്കുകളിൽ അവസാനമായി നാം മൂന്നാമതൊരു സന്ദേശം കണ്ടെത്തുന്നു: ചോദ്യത്തിനുള്ള നമ്മുടെ പ്രത്യുത്തരം, വിനയത്തോടും ഭയത്തോടും ആയിരിക്കണം. ക്രൈസ്തവമായ സാമൂഹ്യ സമ്പർക്കം- ഞാൻ പറയും, സാമൂഹ്യ സമ്പർക്കം പൊതുവായി തന്നെ - വിനയത്തിലും അടുപ്പത്തിലും ആയിരിക്കണം; അതായത്, പാതയിലെ സഹയാത്രികന്റെ സംസാരം എന്ന നിലയിൽ. എമ്മാവൂസിലേക്കുപോയ രണ്ട് ശിഷ്യരോടൊപ്പം നടന്നുകൊണ്ട് സംഭവങ്ങൾ വിശുദ്ധ ലിഖിതത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചുകൊണ്ട് അവരോട് സംസാരിക്കുകയും അവരുടെ ഹൃദയങ്ങൾ അവരുടെ ഉള്ളിൽ ജ്വലിക്കാൻ ഇട വരുത്തുകയും ചെയ്ത അവൻ അവലംബിച്ച രീതി ഇതായിരുന്നു.

നമ്മെ എല്ലാവരെയും സഹയാത്രികരാക്കി തീർക്കാൻ കഴിവുള്ള ആശയസംവേദന രീതിയെക്കുറിച്ചാണ് ഞാൻ സ്വപ്നം കാണുന്നത്; അതുവഴിയായി അസ്വസ്ഥജനകമായ ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂടെ നടന്നുകൊണ്ട് പ്രത്യാശിക്കാനായി അവരെ പ്രോത്സാഹിപ്പിക്കാനാകണം. അപ്രകാരമുള്ള ആശയസംവേദനം ഹൃദയത്തോട് സംസാരിക്കാൻ കഴിവുള്ളതായിരിക്കും; അത് പ്രതിരോധത്തിന്റെയും രോഷത്തിന്റേതുമായ തീവ്ര പ്രതികരണങ്ങൾ ഉയർത്താത്തതും എന്നാൽ തുറവിയുടെയും സൗഹൃദത്തിന്റെയും മനോഭാവങ്ങൾ സൃഷ്ടിക്കുന്നതും ആയിരിക്കും. അത്തരത്തിലുള്ള ആശയസംവേദനം പ്രകടമായും നിരാശാജനകമാണെന്നു തോന്നുന്ന സാഹചര്യങ്ങളിൽ സൗന്ദര്യത്തിലും പ്രത്യാശയിലും കേന്ദ്രീകൃതമാകാൻ പ്രാപ്തമായിരിക്കുന്നതാകും; അത് പ്രതിജ്ഞാബദ്ധതയും തന്മയീഭാവവും അപരരെക്കുറിച്ചുള്ള കരുതലും സൃഷ്ടിക്കുന്നത് ആയിരിക്കും. അപ്രകാരമുള്ള ആശയസംവേദന രീതി ഓരോ മനുഷ്യവ്യക്തിയുടെയും മാഹാത്മ്യം അംഗീകരിക്കുന്നതിനും നമ്മുടെ പൊതു

ഭവനം സംരക്ഷിക്കുന്നതിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനും (Dilexit Nos, 217) നമ്മെ സഹായിക്കാൻ കഴിവുള്ളതും ആയിരിക്കും.

വ്യാമോഹങ്ങളും ഭയങ്ങളും പ്രചരിപ്പിക്കാത്ത ഒരു ആശയ സംവേദന രീതിയാണ് ഞാൻ സ്വപ്നം കാണുന്നത്; മറിച്ച് അത് പ്രത്യാശയ്ക്കുള്ള കാരണങ്ങൾ നിരത്തി വയ്ക്കുന്നതാകും. മാർട്ടിൻ ലൂഥർ കിംഗ് ഒരിക്കൽ ഇപ്രകാരം പറഞ്ഞു: 'ഞാൻ കടന്നു പോകുന്ന വഴിക്ക് ഒരാളെ എനിക്ക് സഹായിക്കാൻ കഴിഞ്ഞാൽ, ആരെയെങ്കിലും ഒരു വാക്കുകൊണ്ടോ ഒരു ഗീതം കൊണ്ടോ ഉന്മേഷഭരിതമാക്കാൻ കഴിഞ്ഞാൽ... എന്റെ ജീവിതം വ്യർത്ഥമാവുകയില്ല.' ഇപ്രകാരം ചെയ്യാൻ നാം നമ്മുടെ സ്വയം പ്രചാരത്തിൽനിന്നും (self-promotion) സ്വയം മുഴുകലിൽ (sel-absorption) നിന്നും സുഖപ്പെട്ടിരിക്കണം; മറ്റുള്ളവരുടെ ശബ്ദത്തിന് ഉപരിയായി നമ്മുടെ ശബ്ദം കേൾക്കത്തക്കവിധം നാം ഉച്ചത്തിൽ സംസാരിക്കുന്ന അപകടം ഒഴിവാക്കണം. ഒരു നല്ല ആശയസംവേദനകൻ തന്നെ കേൾക്കുന്നവരെയും വായിക്കുന്നവരെയും പ്രേക്ഷകരെയും കൂടെ നിർത്താൻ ശ്രദ്ധിക്കണം; അവരെ ചേർത്ത് നിർത്താനും അവരുടെ ഏറ്റവും ഹൃദ്യമായ ഭാഗവുമായി ഐക്യപ്പെടാനും അവരെ താൻ പറയുന്ന കഥകളുടെ ആഭിമുഖ്യങ്ങളിലേക്ക് പ്രവേശിക്കാൻ സഹായിക്കുകയും വേണം. ഈ രീതിയിലുള്ള ആശയസംവേദനം ഇപ്പോഴത്തെ ജൂബിലിയുടെ ലക്ഷ്യമായ പ്രത്യാശയുടെ തീർത്ഥാടകർ ആയിത്തീരാൻ നമ്മെ സഹായിക്കും.

**ഒരുമിച്ച് പ്രത്യാശിക്കുന്നത്**

പ്രത്യാശ എപ്പോഴും ഒരു സാമൂഹ്യ പദ്ധതിയാണ് (a community project). ഈ കൃപയുടെ വർഷം നൽകുന്ന സന്ദേശത്തിന്റെ മാഹാത്മ്യം ഒരു നിമിഷം നമുക്ക് ചിന്താവിഷയമാക്കാം. നമ്മളെല്ലാവരും-എല്ലാവരും തന്നെ-നവമായി ആരംഭിക്കാൻ ക്ഷണിക്കപ്പെടുന്നു; അതായത്, ദൈവം നമ്മെ എടുത്തുയർത്താനും, നമ്മെ ആശ്ലേഷിക്കാനും നമ്മുടെ മേൽ കരുണ ചൊരിയാനും നാം അനുവദിക്കണം. ഇക്കാര്യത്തിൽ, വ്യക്തിപരവും സാമൂഹ്യവുമായ മാനങ്ങൾ അഭേദ്യമാംവിധം ഇഴചേർന്നിരിക്കുന്നു: നമ്മൾ ഒരുമിച്ച് പുറപ്പെടുന്നു, നാം നമ്മുടെ സഹോദരീ സഹോദരന്മാരുടെ കൂടെ യാത്ര ചെയ്യുന്നു, നാം വിശുദ്ധ വാതിലിലൂടെ ഒരുമിച്ചു കടക്കുന്നു.

ജൂബിലിക്ക് അനവധി സാമൂഹ്യ മാനങ്ങളുണ്ട്. ഉദാഹരണത്തിന്, തടവറകളിൽ കഴിയുന്നവർക്ക് ഇത് കരുണയുടെയും പ്രത്യാശയു

ടെയും സന്ദേശം നൽകുന്നു, അല്ലെങ്കിൽ സഹനത്തിൽ ആയിരിക്കുന്നവരോടും പ്രാന്തങ്ങളിലായിരിക്കുന്നവരോടും സമീപ്യവും ആർദ്രതയും കാണിക്കാൻ അത് ക്ഷണിക്കുന്നു. സമാധാനസ്ഥാപകർ ദൈവമക്കൾ എന്ന് വിളിക്കപ്പെടും (മത്താ 5:9) എന്ന് ജൂബിലി നമ്മെ ഓർമ്മപ്പെടുത്തുന്നു; അങ്ങനെ അത് പ്രത്യാശ അങ്കുരിപ്പിക്കുകയും സംവാദത്തിന് വഴികൾ ഒരുക്കുന്ന ശ്രദ്ധയുള്ളതും ആർദ്രവും വിചാരപൂർണവുമായ ആശയസംവേദനത്തിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. അതിനാൽ, വാർത്തകളുടെ മടക്കുകളിൽ ഒളിച്ചുവയ്ക്കപ്പെട്ടിരിക്കുന്ന നന്മയുടെ നിരവധി കഥകൾ കണ്ടുപിടിക്കാനും പ്രചരിപ്പിക്കാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കട്ടെ; സ്വർണ്ണത്തിന്റെ തീരെ ചെറിയ ഒരു തരിക്കുവേണ്ടി അക്ഷീണം മണൽ അരിക്കുന്ന ആളുകളെ അനുകരിക്കാൻ ഞാൻ നിങ്ങളോട് പറയട്ടെ. അപ്രകാരമുള്ള പ്രത്യാശയുടെ വിത്തുകൾ അന്വേഷിക്കുന്നതും അവ കണ്ടെത്തി മനുഷ്യരെ അറിയിക്കുന്നതും ഉദാത്തമായ കാര്യമാണ്. ദരിദ്രരുടെ വിലാപത്തിന്റെ മുൻപിൽ ബധിരത അല്പം കുറയ്ക്കാനും, നിസ്സംഗത ചുരുക്കാനും നമ്മിൽ ഒതുങ്ങിക്കൂടാതിരിക്കാനും അത് സഹായകരമാകും. പ്രത്യാശയ്ക്കായി നമ്മെ പ്രചോദിപ്പിക്കുന്ന നന്മയുടെ മങ്ങിയ ദീപനാളങ്ങൾ നമുക്കെപ്പോഴും കണ്ടെത്താൻ ആവട്ടെ. ഈ തരത്തിലുള്ള ആശയസംവേദനം സാമൂഹ്യബോധം കെട്ടിപ്പടുക്കുകയും, നാം ഏകരല്ലെന്ന ബോധ്യം നമ്മിൽ ഉയർത്തുകയും ഒരുമിച്ച് നടക്കുന്നതിന്റെ പ്രാധാന്യം നാം വീണ്ടും കണ്ടെത്തുകയും ചെയ്യും.

**ഹൃദയത്തെ വിസ്മരിക്കരുത്**

പ്രിയ സഹോദരീസഹോദരന്മാരേ, സാങ്കേതിക വിദ്യയുടെ വിസ്മയകരമായ നേട്ടങ്ങളുടെ മുമ്പിൽ നിൽക്കുമ്പോഴും നിങ്ങളുടെ ഹൃദയത്തെ, അഥവാ ആന്തരിക ജീവിതത്തെ, സംരക്ഷിക്കണമെന്ന് ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. എന്താണ് ഇതിന്റെ അർത്ഥം? ഞാൻ ചില ചിന്തകൾ പങ്കുവയ്ക്കട്ടെ:

ശാന്തശീലർ ആയിരിക്കുക; ഒരിക്കലും അന്യരുടെ മുഖങ്ങൾ മറക്കരുത്; നിങ്ങൾ നിവർത്തിയാക്കുന്ന പ്രവർത്തനത്തിൽ ഉൾപ്പെടുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ഹൃദയത്തോട് സംസാരിക്കുക.

നിങ്ങളുടെ ആശയസംവേദനത്തെ ഉടനടിയുള്ള സ്വാഭാവികമായ പ്രതികരണത്തിന് വിട്ടുകൊടുക്കരുത്. എപ്പോഴും പ്രത്യാശ പരത്തുക;

അത് ഏറെ ബുദ്ധിമുട്ടാണെന്നും വളരെ വില കൊടുക്കേണ്ടതാണെന്നും അധികം ഫലം പുറപ്പെടുവിക്കില്ലെന്ന് തോന്നുമ്പോഴും അപ്രകാരം ചെയ്യുക.

മനുഷ്യരാശിയുടെ മുറിവുകൾ സുഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള ആശയസംവേദനം പ്രോത്സാഹിപ്പിക്കുക.

ഹൃദയപൂർവ്വമായി വിശ്വാസം അർപ്പിക്കുന്നത് സാധ്യമാക്കുക; അത് എല്ലാ കാലാവസ്ഥയെയും അതിജീവിക്കുന്ന മൃദുവായ പുഷ്പത്തെ പോലെ ആയിരിക്കട്ടെ; ജീവിതത്തിന്റെ കൊടുങ്കാറ്റുകൾ അതിനെ വിഴുങ്ങില്ല; വളരെ അപ്രതീക്ഷിതമായ സ്ഥലങ്ങളിൽ അത് പുഷ്പിക്കുകയും വളരുകയും ചെയ്യുന്നു. സംഘർഷത്തിന്റെ വാരിക്കുഴികളിൽ നിന്ന് തങ്ങളുടെ മക്കൾ തിരികെ വരുന്നത് കാണാനായി നിത്യേന പ്രാർത്ഥിക്കുന്ന അമ്മമാരിൽ ആ പ്രത്യാശയുണ്ട്. അല്പംകൂടി നല്ല ഒരു ഭാവി പ്രതീക്ഷിച്ചുകൊണ്ട് വലിയ സാഹസം കാണിച്ച് മറു രാജ്യങ്ങളിലേക്ക് ചേക്കേറുന്ന പിതാക്കന്മാരിൽ ആ പ്രത്യാശയുണ്ട്. യുദ്ധത്തിന്റെ ജീർണാവശിഷ്ടങ്ങൾക്കിടയിലും ചേരികളിലെ ദരിദ്രമായ തെരുവുകളിലും കളിക്കാനും ചിരിക്കാനും ജീവിതത്തിൽ വിശ്വസിക്കാനും കഴിയുന്ന കുട്ടികളുടെ പ്രത്യാശയിലും അതുണ്ട്.

അഹിംസാത്മകമായ ആശയസംവേദനത്തിന്റെ സാക്ഷികളും പ്രണേതാക്കളും ആവുക; കരുതലിന്റെയും പാലങ്ങൾ പണിയുന്നതിന്റെയും സംസ്കാരം പ്രചരിപ്പിക്കുന്നതിൽ സഹായിക്കുക; ഈ കാലഘട്ടത്തിലെ പ്രത്യക്ഷവും പരോക്ഷവുമായ പ്രതിബന്ധങ്ങൾ തച്ചുടക്കുക.

പ്രത്യാശയിൽ മെനഞ്ഞെടുത്ത കഥകൾ പറയുക; നമ്മുടെ പൊതുവായ ലക്ഷ്യത്തെക്കുറിച്ച് താല്പര്യമുണ്ടായിരിക്കുക; ഒരുമിച്ച് ചേർന്നിരുന്നു നമ്മുടെ ഭാവിയുടെ ചരിത്രം രചിക്കാൻ ശ്രമിക്കുക.

ദൈവികകൃപ കൊണ്ട്, നിങ്ങൾക്ക് അത് സാധിക്കും, നമുക്കത് സാധിക്കും; ഈ കൃപയുടെ അഭിഷേകം ജൂബിലി വർഷത്തിൽ സമൃദ്ധമായി ഉണ്ട്. ഇതാണ് എന്റെ പ്രാർത്ഥന, ഇതോടൊപ്പം നിങ്ങളെ ഓരോരുത്തരെയും നിങ്ങളുടെ പ്രവർത്തനത്തെയും ഞാൻ ആശീർവദിക്കുന്നു.

വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയം, റോമാ,
വിശുദ്ധ ഫ്രാൻസിസ് ദേ സാലസിന്റെ സ്മരണ ദിനം, 24 ജനുവരി 2025
**ഫ്രാൻസിസ് പാപ്പാ**

No. 4117/K-5/KCBC/OL/DS 11.06.2025

# ജൂലൈ 6 യുവജനദിനം: കെസിബിസി യുവജന കമ്മീഷൻ സർക്കുലർ

## മഹാജൂബിലി വർഷത്തിൽ പ്രത്യാശയുടെ തീർത്ഥാടകരായ യുവജനങ്ങൾ

കർത്താവിൽ പ്രിയ യുവജനങ്ങളേ,

മുൻവർഷങ്ങളിൽ നാം അനുവർത്തിച്ചിരുന്നതുപോലെ, ജൂലൈ മൂന്നിന് ശേഷം വരുന്ന ഞായറാഴ്ചയായ ജൂലൈ ആറിന് കേരള കത്തോലിക്കാസഭ ഈ വർഷം യുവജനദിനമായി ആചരിക്കുമ്പോൾ രണ്ടു സവിശേഷതകൾ കൂടിയുണ്ട്. ഒന്നാമതായി, ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച മഹാജൂബിലി വർഷത്തിലെ യുവജനദിനാഘോഷം എന്നതും മറ്റൊന്ന്, നമുക്ക് ലഭിച്ചിരിക്കുന്ന ദിനമായ ജൂലൈ 6 ശുദ്ധതയുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. മരിയ ഗൊരേത്തിയുടെ തിരുന്നാൾ ദിനം കൂടിയാണെന്നുള്ളതും. ജൂബിലി വർഷം 2025 ആചരണത്തോടൊപ്പം സമാഗതമായിരിക്കുന്ന യുവജനദിനവുമായി ബന്ധപ്പെട്ട് യുവജനങ്ങളായ ഏവർക്കും തിരുസഭ വളരെ പ്രത്യേകമായ ചില സന്ദേശങ്ങൾ നൽകുന്നുണ്ട്. യുവജന ദിനാചരണത്തോടൊപ്പം, ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികൾ ഇടവകാ - സംഘടനാ തലങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കാനും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ യുവജന കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. ഒരിക്കലുമുണ്ടായിട്ടില്ലാത്ത പലവിധ പ്രതിസന്ധികളെ ലോകം മുഴുവനും വിശിഷ്യാ കേരളസമൂഹവും യുവജനങ്ങളും നേരിടുന്ന പശ്ചാത്തലത്തിൽ, മഹാജൂബിലി വർഷാചരണത്തോടും യുവജന ദിനാഘോഷത്തോടും അനുബന്ധിച്ച് നാം പ്രത്യേകമായി വിചിന്തന വിധേയമാക്കേണ്ടതും പ്രവൃത്തിപഥത്തിലെത്തിക്കേണ്ടതുമായ ചില പ്രധാന വിഷയങ്ങൾ സ്നേഹപൂർവം നിങ്ങളോട് പങ്കുവയ്ക്കാൻ ഈ ഘട്ടത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നു.

### പ്രത്യാശയുടെ തീർത്ഥാടകരായ യുവജനങ്ങൾ

2025 ജൂബിലി വർഷത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നിർദ്ദേശിച്ച ആപ്തവാക്യമാണല്ലോ 'പ്രത്യാശയുടെ തീർത്ഥാടകർ.' ആത്മീയമായും ഭൗതികമായും പ്രത്യാശാപൂർണ്ണമായ ജീവിതശൈലിയി

ലേക്കുള്ള പരിവർത്തനത്തിനാവശ്യമായ മുന്നൊരുക്കവും നവീകരണവുമാണ് ഈ കാലഘട്ടത്തിൽ തിരുസഭ നാമേവരിൽനിന്നും ആവശ്യപ്പെടുന്നത്. യുവജനങ്ങളുടെ ആത്മീയശക്തീകരണത്തിനും പക്വമായ ഭൗതിക സമുദ്ധാരണത്തിനും ഏറ്റവുമധികം പ്രവർത്തിക്കുകയും ആഹ്വാനങ്ങൾ നൽകുകയും ചെയ്ത ഫ്രാൻസിസ് പാപ്പയോടും പാപ്പയുടെ പിൻഗാമിയായി ദൈവം നൽകിയ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പയോടും ചേർന്നുനിന്നുകൊണ്ട് ഈ വലിയ ലക്ഷ്യത്തിനായി നമുക്ക് പരിശ്രമിക്കാം.

**ക്രിസ്തു വിപ്ലവം, പ്രത്യാശയുടെ യുവത്വം**

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ യൗവ്വന തീക്ഷ്ണതയാണ് സുവിശേഷങ്ങളിൽ ജ്വലിച്ചുനിൽക്കുന്നത്. ക്രിസ്തുവിലുണ്ടായിരുന്ന വിപ്ലവവീര്യവും അവിടുന്ന് പകർന്നു നൽകിയ പ്രത്യാശയുമാണ് ഈ കാലഘട്ടത്തിലെ യുവജനങ്ങൾ അടുത്തു വീക്ഷിക്കുകയും മാതൃകയാക്കുകയും ചെയ്യേണ്ടത്. ആരെയും ഒരിക്കലും അകറ്റി നിർത്താതിരുന്ന ക്രിസ്തുവിന്റെ മാതൃക ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് വിവേകവും കരുണയും മുഖമുദ്രയാക്കിയ യുവജനങ്ങളെ ഇന്നത്തെ ലോകത്തിന് ആവശ്യമുണ്ട്. അവിടെ ആഴമുള്ള വിചിന്തനങ്ങളും ആത്മാർത്ഥവും പ്രത്യാശാപൂരിതവുമായ പരിശ്രമങ്ങളും സ്വർഗം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നു.

'ക്രിസ്തുവിന്റെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചും നമ്മുടെ ശക്തിയിൽ ആശ്രയിക്കാതെ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിന്റെ സഹായത്തിൽ ആശ്രയിച്ചും, നമ്മുടെ സൗഭാഗ്യമെന്ന നിലയിൽ സ്വർഗ്ഗരാജ്യത്തെയും നിത്യജീവിതത്തെയും നാം ആഗ്രഹിക്കുന്നത് ഏത് സുകൃതത്താലാണോ അതാണ് പ്രത്യാശ എന്ന ദൈവിക സുകൃതം'. (CCC 1817)

**സാമൂഹിക പ്രതിസന്ധികളോടുള്ള പ്രതികരണം**

ഇക്കാലഘട്ടത്തിൽ നാം നേരിടുന്ന സാമൂഹിക പ്രതിസന്ധികൾ പലതാണ്. ലഹരിയുടെ ഭയാനകമായ സ്വാധീനവും, നിരീശ്വരവാദ പ്രസ്ഥാനങ്ങളും സഭാവിരുദ്ധ പ്രത്യയശാസ്ത്രങ്ങളും വേരാഴ്ത്തിക്കൊണ്ടിരിക്കുന്നത്, വൈവാഹിക ജീവിതവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ, തൊഴിൽ - സാമ്പത്തിക പ്രതിസന്ധികൾ, രാഷ്ട്രീയവും വർഗീയവുമായ വെല്ലുവിളികൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

അനേകം യുവജനങ്ങൾ ക്രൈസ്തവ വിശ്വാസത്തിൽനിന്നും സഭയിൽനിന്നും അകലാൻ ഇത്തരം പ്രതികൂല സാഹചര്യങ്ങൾ വഴിയൊരുക്കുന്നു. വിശ്വാസജീവിതത്തിൽനിന്നുള്ള അകൽച്ച കൂടുതൽ വലിയ വീഴ്ചകളിലേയ്ക്ക് അനേകരെ നയിക്കുന്നുണ്ട്. മാനസികവും സാമ്പത്തികവുമായ ദുർബലാവസ്ഥകളാണ് അനേകരെ ഇത്തരം കെണികളിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നത് എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് വിവിധ പ്രതിസന്ധികളിൽ അകപ്പെട്ടിരിക്കുന്നവരോട് പ്രത്യേകം കരുതലുള്ളവരായിരിക്കാൻ വ്യക്തിപരമായും സംഘടനാ പ്രവർത്തനങ്ങൾ വഴിയായും നമുക്ക് പരിശ്രമിക്കാം.

ഒപ്പം, മയക്കുമരുന്ന് മാഫിയകളും നിരീശ്വരവാദ പ്രസ്ഥാനങ്ങളും സഭാവിരുദ്ധ ശക്തികളും കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ക്രിയാത്മക ഇടപെടലുകൾ ആവശ്യമുണ്ട്. ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള നവീകരണ പ്രവർത്തനങ്ങളിൽ ഇത്തരം പദ്ധതികൾക്ക് സംഘടനാ തലങ്ങളിലും ഇടവകാ തലത്തിലും കൂടിയ പരിഗണന നൽകാൻ ശ്രദ്ധിക്കുമല്ലോ.

**തൊഴിൽ മേഖലയും സംരംഭകത്വവും**

ക്രൈസ്തവ യുവജനങ്ങൾ ഏറിയപങ്കും പ്രവാസ ജീവിതം തെരഞ്ഞെടുക്കുന്ന സാഹചര്യമാണല്ലോ ഇന്നുള്ളത്. മികച്ച വിദ്യാഭ്യാസ, തൊഴിൽ, ജീവിത സാധ്യതകൾ തേടി വിദേശരാജ്യങ്ങളിലേയ്ക്ക് ചേക്കേറുന്നവരെ നിരുൽസാഹപ്പെടുത്താൻ കഴിയില്ലെങ്കിലും ജൻമനാട്ടിൽ ജീവിക്കാൻ തൽപ്പരരായ ചെറുതല്ലാത്ത ഒരു സമൂഹം യുവജനങ്ങളിലുണ്ട് എന്നത് ഒരു വസ്തുതയാണ്. അത്തരക്കാർക്കെങ്കിലും നാട്ടിൽ തുടരാൻ കഴിയുന്ന വിധത്തിലുള്ള തൊഴിൽ - സംരംഭകത്വ സാധ്യതകൾ അവഗണിക്കപ്പെടാൻ പാടില്ല. പ്രഫഷണലായി തൊഴിൽ - സംരംഭകത്വ മേഖലകളെ സമീപിക്കാനുതകുന്ന ബോധ്യങ്ങൾ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പകർന്നുനൽകാൻ സംഘടനാ നേതൃത്വങ്ങൾക്ക് കൂടുതലായി സാധിക്കും.

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ്**

നിർമ്മിത ബുദ്ധി സംബന്ധിച്ച സഭാ പ്രബോധനങ്ങൾ യുവജനങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. എഐ (AI) യുടെ അനന്ത സാധ്യതകളെ, ധാർമ്മികമൂല്യങ്ങൾ കണക്കിലെടുത്തുകൊണ്ട്

ഉത്തരവാദിത്തപൂർവ്വം സമീപിക്കണമെന്ന ആഹ്വാനം പരിശുദ്ധ സിംഹാസനം പലപ്പോഴായി ആവർത്തിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ അത്യന്തം ശ്രദ്ധാലുവായിരുന്ന ഫ്രാൻസിസ് പാപ്പയുടെ പ്രബോധനങ്ങൾ നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം. നിർമ്മിതബുദ്ധി സംബന്ധമായ സംവിധാനങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനും, അതേസമയം ധാർമ്മികവും മാനവികവുമായി സംഭവിച്ചേക്കാവുന്ന അപചയങ്ങളിൽ കരുതലുള്ളവരായിരിക്കാനും ഇക്കാലഘട്ടത്തിൽ യുവജനങ്ങൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ ആഴത്തിലുള്ള പഠനങ്ങൾക്കും പരിശീലന പദ്ധതികൾക്കും യുവജന സംഘടനകൾ നേതൃത്വം നൽകുന്നത് ഉചിതമാണ്.

**രാഷ്ട്രീയം**

അത്യന്തം കലുഷിതവും ആശയക്കുഴപ്പങ്ങൾക്കിടയാക്കുന്നതുമായ രാഷ്ട്രീയ സാഹചര്യങ്ങളാണ് ഇന്നുള്ളത്. ഈ ഘട്ടത്തിൽ സഭാത്മകതയും നേതൃപാടവവും ചിന്താശേഷിയുമുള്ള ക്രൈസ്തവ യുവനിര മുഖ്യധാരാ രാഷ്ട്രീയത്തിൽനിന്ന് അകലം പാലിക്കുന്നത് ശരിയായ സമീപനമല്ല. അറിവും കഴിവും കാര്യപ്രാപ്തിയുമുള്ള യുവതലമുറ മുഖ്യധാരാ രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവരികയാണ് ഇക്കാലഘട്ടത്തിൽ നമ്മുടെ നാട് അഭിമുഖീകരിക്കുന്ന പലവിധ പ്രതിസന്ധികളുടെയും പരിഹാരത്തിന് ആവശ്യം. നേതൃഗുണമുള്ള യുവതീയുവാക്കളെ സഭാത്മകമായി പരിശീലിപ്പിക്കാനും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുമുള്ള ദൗത്യത്തെ കത്തോലിക്കാ യുവജന സംഘടനകൾ ഗൗരവമായെടുക്കണം. പൊതുസമൂഹത്തിന്റെയും ക്രൈസ്തവ സമുദായത്തിന്റെയും ആവശ്യമെന്ന നിലയിൽ തങ്ങളുടെ നിയോഗം തിരിച്ചറിഞ്ഞ് മുന്നോട്ടുവരാൻ യോഗ്യരായവർ തയ്യാറാവുകയും വേണം.

ആത്മീയവും സഭാപരവും സാമൂഹികവുമായ വിവിധ മേഖലകൾ പരിഗണിച്ചുകൊണ്ട് അവരവരുടെ വിളിക്കനുസൃതമായ ജീവിത പന്ഥാവിലേയ്ക്ക് ഓരോരുത്തരും കടന്നുവരികയും ആത്മാർത്ഥതയോടെ ജീവിതത്തിൽ മുന്നേറുകയുമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. അത്തരത്തിൽ ഈ ജൂബിലി വർഷത്തോടും യുവജനദിനാചരണത്തോടും സഭാത്മകമായി നമുക്ക് പ്രത്യുത്തരിക്കാം.

ജൂബിലി വർഷത്തിന്റെ ചൈതന്യത്തോട് ചേർന്നുനിന്നുകൊണ്ട് ഇത്തവണത്തെ യുവജനദിനം സവിശേഷമായി ആചരിക്കാനുള്ള ആഹ്വാനം ജൂൺ 3, 4 ദിവസങ്ങളിൽ പിഒസിയിൽ ചേർന്ന കെസിബിസി വർഷകാല സമ്മേളനത്തിൽ പിതാക്കന്മാർ നൽകുകയുണ്ടായി. ജൂലൈ ആറാം തീയതിയിലെ സ്തോത്രക്കാഴ്ച കെസിബിസി യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി രൂപതാ-അതിരൂപതാ കാര്യാലയത്തിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാ യുവജനങ്ങൾക്കും ദൈവാനുഗ്രഹവും യുവജനദിനത്തിന്റെ മംഗളങ്ങളും ഏറ്റവും സ്നേഹത്തോടെ പ്രാർഥനാപൂർവം ആശംസിക്കുന്നു.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

---

NB: 2025 ജൂലൈ ആറാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലാറ്റിൻ, സീറോ മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

ജൂലൈ 6 യുവജനദിനമായി ആചരിക്കുന്നതിനുള്ള ഒരുക്കങ്ങൾ ഇടവക വികാരിമാരും സംഘടനാ നേതാക്കളും മുൻകൂട്ടി നടത്തണമെന്ന കാര്യവും ഓർമ്മിക്കുമല്ലോ.

# 2025 ജൂബിലി വർഷ കർമ്മപദ്ധതി

ഈശോയിൽ പ്രിയരേ,

ജൂബിലി വർഷ കർമ്മ പദ്ധതികളോടനുബന്ധിച്ച് ജൂലൈ മാസത്തിൽ വയോജനത്തിനും ഏകസ്ഥർക്കുമാണ് നാം ഊന്നൽ നൽകുക. ഇതിനോടനുബന്ധിച്ച് നടപ്പിലാക്കാവുന്ന ഏതാനും കർമ്മ പരിപാടികൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ.

- മിഷൻ ലീഗിന്റെയും മാതൃവേദിയുടെയും നേതൃത്വത്തിൽ തനിച്ചും, മാതാപിതാക്കൾ മാത്രമായും താമസിക്കുന്ന ഭവനങ്ങൾ സന്ദർശിക്കുക.
- ജൂലൈ 25 മുത്തശ്ശി, മുത്തശ്ശന്മാരുടെ ദിനത്തോടനുബന്ധിച്ച് പള്ളികളിൽ പ്രായമായവർക്കായി പ്രത്യേകം പരിശുദ്ധ കുർബാനയും മീറ്റിംഗും സ്നേഹവിരുന്നും സംഘടിപ്പിക്കുക.
- സൗകര്യമുള്ള ഇടവകകളിൽ പള്ളിയോടോ മഠത്തിനോടോ ചേർന്ന്, എല്ലാ ആഴ്ചയിലും ഒരിക്കൽ, വീട്ടിൽ തനിച്ചായിരിക്കുന്ന വൃദ്ധ മാതാപിതാക്കൾക്ക് എല്ലാവർക്കും ഒന്നിച്ചു ചേർന്ന് വർത്തമാനം പറയാനും ഉല്ലസിക്കുവാനും പ്രാർത്ഥിക്കാനുമായി ‘പകൽ വീട്’ പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.
- വയോജനങ്ങൾക്കായി തീർത്ഥാടനങ്ങളും ഉല്ലാസയാത്രകളും സംഘടിപ്പിക്കുക.
- വയോജനങ്ങൾക്കായി സൗജന്യ ഹെൽത്ത് ചെക്കപ്പ് ക്യാമ്പുകൾ നടത്തുക.
- Seniors’ Choir നമ്മുടെ എല്ലാ ഇടവകകളിലും രൂപീകരിക്കുക.
- മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിനോടനുബന്ധിച്ചോ മറ്റേതെങ്കിലും ഒരു സൗകര്യപ്രദമായ അവസരത്തിലോ നമ്മുടെ എല്ലാ പള്ളികളിലും റാസ കുർബാന അർപ്പിക്കുക.
- വിധവ കൂട്ടായ്മ (യൂദിത്ത്-നവോമി) എല്ലാ ഇടവകകളിലും ആരംഭിക്കുക.

# രൂപതാക്കച്ചേരി

C. *59/2025* **രൂപതാദിനം**

ഈ വർഷത്തെ രൂപതാദിനം കാളിയാർ സെന്റ് റീത്താസ് ഫൊറോന ദൈവാലയത്തിൽ വച്ച് പരി. കന്യകാമറിയത്തിന്റെ വിമലഹൃദയത്തിരുനാളിൽ നാം ആചരിച്ചല്ലോ. എല്ലാക്കാര്യങ്ങളും വളരെ മനോഹരമായും ചിട്ടയായും ക്രമീകരിച്ച ഫൊറോന വികാരി പെരിയ ബഹു. ജോസഫ് മുണ്ടുനടയിൽ അച്ചനും, സഹ വികാരി ബഹു. സിറിയക് മഞ്ഞക്കടമ്പിൽ അച്ചനും കൈക്കാരൻമാർക്കും കമ്മിറ്റി അംഗങ്ങൾക്കും സിസ്റ്റേഴ്സിനും കാളിയാർ ഇടവകാംഗങ്ങൾക്കും സാന്നിധ്യം കൊണ്ടും പ്രാർത്ഥനകൊണ്ടും നമ്മെ അനുഗ്രഹിച്ച മാർ ജോസ് പുളിക്കൽ പിതാവിനും മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും വൈദികർക്കും സിസ്റ്റേഴ്സിനും അല്മായ സഹോദരങ്ങൾക്കും ഹൃദയപൂർവം നന്ദി.

*Bishop*

C. *60/2025* **അജപാലന സന്ദർശനം**

ജൂലൈ 6 - ഞായപ്പിള്ളി
ജൂലൈ 20 - അരിക്കുഴ

*Bishop*

C. *61/2025* **സഭാദിന പിരിവ്**

ജൂലൈ 3 നോ അത് കഴിഞ്ഞു വരുന്ന ഞായറാഴ്ചയോ സഭാദിന പിരിവ് എടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Syncellus*

C. *62/2025* **Annual Retreat for Priests**

The list of the participants in each batch is given below.

Rev. Fathers are requested to fulfil the following Mass intentions and report to the Curia on or before the 31st of December 2025.

1. For the Priests of the Eparchy-1
2. *Ad intentionem episcopi* (stipend to be used for charitable purposes) - 4
3. *Ad intentionem episcopi* (stipend to be used to meet the expenses of the retreat) -5

N.B. The Mass intentions Nos. 1 and 2 are to be fulfilled by all while those in No. 3 are to be fulfilled only by those who take part in the common retreat.

The presbyters who participate in the retreat are to bring with them their Mass Account and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

**FIRST BATCH**

**Venue: NESTT, Muvattupuzha**

**Time: From Sunday, 20 July to Friday, 25 July 2025**

**Retreat Preacher : Vincent Mar Paulos (Bishop of Marthandam)**

1 Adapoor Joseph
2 Akkapadickal Paul
3 Athickal Mathew
4 Avarappattu Paul
5 Chemparathy George
6 Cheruparambil Thomas
7 Cheruvalliyil Antony
8 Chettoor Justin
9 Chettoor George
10 Edathotty Paul
11 Edattu Mathews
12 Inchaplackal Paul
13 Kakkuzhy James
14 Kalapurayil James
15 Kalathoor Paul
16 Kallarackal Thomas
17 Kanimattathil Sebastian
18 Kannadan Varghese
19 Karakombil Paul
20 Karakunnel George
21 Kizhakkel Jose
22 Kochuchakalackal Georgekutty MCBS
23 Kochumundanmalayil Mathew
24 Kochuparambil Joseph (Jr)
25 Kochuputhenpurayil Joseph
26 Koithanath Joseph
27 Koonanickal Joseph
28 Kunchirakattu Joseph
29 Kunnumpuram Joseph (Jr)
30 Kurisummoottil George
31 Madathiparambil Francis
32 Mailackachalil Paul
33 Makolil Joseph
34 Maliyeckal Antony
35 Mandapathil Varkey
36 Marattil Paulson
37 Matheckal George
38 Mattappillil John
39 Methipara Scaria
40 Moolasseril Nicholas
41 Moorkattil Jose
42 Mulanjanany Joseph
43 Mundackal John
44 Mundackal Mathew M
45 Mundunadayil Joseph
46 Muringamattam John
47 Nandalath Mathews
48 Nedumpuram Joseph
49 Nedumpurath Paul
50 Nedungattu Vincent
51 Nirappel John CMF
52 Niravathinal Abraham
53 Njaliparambil Antony
54 Panachickal James
55 Pannarakunnel Sebastian
56 Parackanal James
57 Paramel Varghese
58 Parayidom Thomas
59 Pazhayapeedikayil Johnson

60 Peechanikunnel George
61 Pichappillil John
62 Pothanamuzhi Sebastian
63 Pothoor Jose
64 Pottackal George
65 Pulickal Joseph
66 Pulickal Joseph (Jr)
67 Pulimalayil Antony
68 Pullan George
69 Pulloppillil Jose
70 Pulparambil Jose
71 Pulprayil Stanley
72 Puthenkulam Mathew
73 Puthenkulam Antony
74 Thanathuparambil George
75 Tharappil Mathew
76 Thayyil Jose
77 Thekkeattath George
78 Thekkekara George
79 Thekkumkattil Mathew
80 Thottathimyalil Mathew
81 Thozhalay Mathew
82 Thumbamattathil Sebastian
83 Vadakel George
84 Vadakken John
85 Vadakkumparambil Jacob
86 Vadekekudy James
87 Valiyathazhathu Sebastian
88 Vallomkunnel George
89 Vamattathil John
90 Vattakkatt Augustine
91 Vattappillil Jacob
92 Vettikkuzhichalil Joseph
93 Vilanguparayil Paul
94 Vilayappillil Antony

**SECOND BATCH**

**Venue: NESTT, Muvattupuzha**

**Time: From Sunday, 27 July to Friday, 1 August 2025**

**Retreat Preacher : Vincent Mar Paulos (Bishop of Marthandam)**

1 Aikaramattam James
2 Alappatt Francis
3 Arackal James
4 Arackal Jose
5 Arolichalil Sebastian
6 Athickal Joseph
7 Chatholil John
8 Chiraparambil Jose
9 Choorathotty Paul
10 Choorathotty James
11 Edathala George
12 Edattu Mathew
13 Ezhanikatt James
14 Kadavan John
15 Kadukummackal George
16 Kalapurackal Jose
17 Kallarackal James
18 Kallarackal Joseph
19 Kallidukkil Zacharias
20 Kanjirakombil Jose
21 Kannadan Francis
22 Kannampillil Kuriakose
23 Kapiarumalayil Joseph (Jr)
24 Karakunnel Joseph
25 Karikunnel Francis
26 Keeranpara Francis
27 Kochuparambil Joseph
28 Kochupurackal Mathew (Sr)
29 Kochupurackal Mathew (Jr)
30 Kodakallil Kuriakose
31 Konickal Mathew
32 Konthempillil Sebastian
33 Koonanickal Jose
34 Kottarathil Thomas

35 Kulathoor Jose
36 Kunnamkulathil Emmanuel
37 Kunnath Scaria
38 Kunnel Stanislaus
39 Kunnumpurath Joseph (Jr)
40 Kureekattil Kurian
41 Madathil Joseph (Jr)
42 Makkolil Thomas
43 Malekandathil Pius
44 Malieckal Mathews
45 Mammoottil George
46 Manjakadambil Cyriac
47 Marappillil George
48 Maruthwamalayil Antony
49 Monippilly Jose
50 Moolayil Andrews
51 Mundackal Mathew (Sr)
52 Mundackal Mathew (Jr)
53 Mundackal Joseph (Sr)
54 Mundackal Emmanuel
55 Mundackal Joseph (Jr)
56 Mundolickal James
57 Nedumkallel George
58 Nedumpurath Sebastian
59 Nedumthadathil Paulose
60 Nedungattu George
61 Nirappel Augustine
62 Niravath Joseph
63 Onelil John
64 Oroplackal Johnson
65 Ovelil Antony
66 Padinjarekutt Augustine
67 Pallikkunnel Georgy
68 Parackal Abraham
69 Parathazham Paul
70 Pareman Peter
71 Peringarappillil Sotter
72 Pichalakattu Manuel
73 Pittappillil Francis
74 Ponneth Joseph
75 Poovathumkal Thomas
76 Pothanamuzhi Thomas
77 Punnamattathil Scaria
78 Ramanattu Mathew
79 Rathappillil Jacob
80 Thachil George
81 Thadikatt George
82 Thalachira John
83 Thalappillil Jacob
84 Thanickal Joseph
85 Thanikunnel Alex
86 Vadakkedath Joseph
87 Valanparackal Paul
88 Valloppillil Sebastian
89 Vattakkuzhy Jose
90 Vattathottathil Thomas
91 Vellamkunnel Emmanuel
92 Vengaluvakkel Thomas
93 Vilanguparayil Thomas

*Syncellus*

### *C.63/2025* കൈക്കാരന്മാരുടെ മീറ്റിംഗ്

ഈ വർഷം കൈക്കാരന്മാരായി ചുമതലയേറ്റവരുടെ മീറ്റിംഗ് 2025 ജൂലൈ 19-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണി മുതൽ വൈകിട്ട് 4.00 മണിവരെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ കൈക്കാരന്മാരെയും പ്രസ്തുത യോഗത്തിലേക്ക് പറഞ്ഞുവിടുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Finance Officer*

*C.64/2025* **Remittance of Thirattu Fees - First Instalment**

All parish Priest are hereby reminded that the First Instalment of Thirattu Fee will become due by the end of July 2025. As we are running short of funds, you are hereby requested to remit the same by the due dates. Remittance of Thirattu fees have to be made by Account Payee crossed Cheques favouring Bishop's House Kothamangalam only.

*Finance Officer*

## മൈനർ സെമിനാരി

*S. 11/2025* **നവാഗതർക്ക് സ്വാഗതം**

മൈനർ സെമിനാരിയിൽ ഈ വർഷം പ്രവേശനം നേടിയ ഒന്നാം വർഷ വൈദിക വിദ്യാർത്ഥികൾ

1. ബ്രദർ ചേറ്റൂർ ജോർജ്, പെരിങ്ങഴ
2. ബ്രദർ കച്ചിറയിൽ ജോർജ്, മാലിപ്പാറ
3. ബ്രദർ കാഞ്ഞിരത്തിങ്കൽ ജോർജ്, ആലക്കോട്
4. ബ്രദർ കുന്നപ്പിള്ളിൽ ക്രിസ്റ്റ് ജോ, കരിമണ്ണൂർ
5. ബ്രദർ മൂത്തേടത്ത് മാത്യു, ലാഡോസെറായി, ഡൽഹി
6. ബ്രദർ പിണക്കാട്ട് ജോസഫ്, മുതലക്കോടം
7. ബ്രദർ വേങ്ങച്ചുവട്ടിൽ തോമസ്, ആലക്കോട്

*MS 12 /2025* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Fr Joseph Mulanjanany | ₹ | 8,000 |
| 2 | Mr Sebastian Joseph Ouseparambil | ₹ | 1,000 |
| 3 | Mr George Mannamthuruthiyil | ₹ | 1,000 |
| 4 | Mr Thomas George Kanjirathinkal | ₹ | 1,00000 |
| 5 | Mr Francis Thomas Pichapillil | ₹ | 3,000 |
| 6 | Mr John Tharian Elenjickal | ₹ | 15,000 |
| 7 | 2000 Minor Seminary Batch | ₹ | 25,000 |
| 8 | Mr K C George Kallathu, Muvattupuzha | ₹ | 57,159 |
| 9 | Prof. James C John Chathamkottu, Arikuzha | ₹ | 40,000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

### *V. 63/2025* അദ്ധ്യയനവർഷ രൂപതാതല ഉദ്ഘാടനം

2025–26 അദ്ധ്യയനവർഷത്തെ വിശ്വാസപരിശീലനത്തിന്റെ രൂപതാതല ഉദ്ഘാടനം ജൂൺ 1–ാം തീയതി ഞായറാഴ്ച വാഴക്കുളം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിച്ചു.

### *V. 64/2025* വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ ജൂൺ മാസം 14–ാം തീയതി, ശനിയാഴ്ച വാഴക്കുളം, വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. 1730 പേർ പങ്കെടുത്തു.

### *V.65/2025* A ഗ്രേയ്ഡ് നേടിയ സൺഡേ സ്കൂളുകൾ

ആനിക്കാട്, ആരക്കുഴ, അരിക്കുഴ, കോതമംഗലം, ചിറ്റൂർ, ഏനാനല്ലൂർ, ഏഴല്ലൂർ, കദളിക്കാട്, കാളിയാർ, കല്ലാനിക്കൽ, കല്ലൂർക്കാട്, കലൂർ, കാരക്കുന്നം, കാവക്കാട്, കരിമണ്ണൂർ, കീരംപാറ, കോടിക്കുളം, കോലടി, കുണിഞ്ഞി, കുട്ടംപുഴ, മാലിപ്പാറ, മാതിരപ്പിള്ളി, മുണ്ടൻമുടി, മുതലക്കോടം, മൂവാറ്റുപുഴ, നാകപ്പുഴ, നെടിയകാട്, നെടുങ്ങപ്ര, നെല്ലിക്കുഴി, ഞാറക്കാട്, ഞായപ്പിള്ളി, പൈങ്ങോട്ടൂർ, പുറപ്പുഴ, രാജഗിരി, തെന്നത്തൂർ, തൊടുപുഴ, തൊടുപുഴ ഈസ്റ്റ്, ഉടുമ്പന്നൂർ, വടാട്ടുപാറ, വണ്ടമറ്റം, വാഴക്കാല, വാഴക്കുളം, വെളിയേൽച്ചാൽ.

### *V.66/2025* B ഗ്രേയ്ഡ് നേടിയ സൺഡേ സ്കൂളുകൾ

ആലക്കോട്, അഞ്ചിരി, ആയവന, ബസ്ലഹം, ചാലാശ്ശേരി, ചെപ്പുകുളം, ചിലവ്, ഇഞ്ചൂർ, കടവൂർ, കലയന്താനി, കുത്തുങ്കൽ, മൈലക്കൊമ്പ്, മാറാടി, മാറിക, മീങ്കുന്നം, മേക്കടമ്പ്, മുടവൂർ, മുളപ്പുറം, മുള്ളരിങ്ങാട്, മൂവാറ്റുപുഴ ഈസ്റ്റ്, നാടുകാണി, നെടിയശാല, നെല്ലിമറ്റം, നേര്യമംഗലം, ഊന്നുകൽ, പള്ളിക്കാമുറി, പന്നിമറ്റം, പെരിങ്ങഴ, പെരുമ്പിള്ളിച്ചിറ, പെരുമ്പല്ലൂർ, പൂയംകുട്ടി, പോത്താനിക്കാട്, പുന്നമറ്റം, രണ്ടാർ, തലയനാട്, തഴുവംകുന്ന്, തോട്ടക്കര, ഉരുളൻതണ്ണി, വണ്ണപ്പുറം, വേട്ടാമ്പാറ, വെട്ടിമറ്റം.

## *V.67/2025* A ഗ്രെയ്ഡ് നേടിയ PTA കൾ

ആലക്കോട്, അരിക്കുഴ, കത്തീഡ്രൽ, ഏഴല്ലൂർ, കരിമണ്ണൂർ, കാരക്കുന്നം, കല്ലൂർക്കാട്, കാവക്കാട്, കീരംപാറ, കൊടുവേലി, കുട്ടമ്പുഴ, മാലിപ്പാറ, മാതിരപ്പിള്ളി, മുണ്ടൻമുടി, മേക്കടമ്പ്, മുതലക്കോടം, മൂവാറ്റുപുഴ, മുടവൂർ, നാകപ്പുഴ, നെടുങ്ങപ്ര, പരീക്കണ്ണി, രണ്ടാർ, തൊടുപുഴ, തൊടുപുഴ ഈസ്റ്റ്, തോട്ടക്കര, ഉടുമ്പന്നൂർ, വണ്ടമറ്റം, വാഴക്കുളം.

## *V.68/2025* Best Catechism Teachers Award 2024-25

ജാസ്മിൻ സിബി താഴത്തൂട്ട്, അരിക്കുഴ
ബേബി വർഗീസ്, കരിക്കുഴിയിൽ, മുണ്ടൻമുടി
ഷാജു ജോസഫ് കുന്നത്ത്, കരിമണ്ണൂർ
സി.എൽ. ജോസഫ് ചിറയിൽ, കോതമംഗലം
ലിനോ കാർമൽ ജേക്കബ് എടപ്പുളവൻ, കുറുപ്പംപടി
ഷിബു ജോസഫ് കിഴക്കാലായിൽ, നാകപ്പുഴ
റോയി കാവാട്ട്, കോലടി
സോവിച്ചൻ എസ്. മുണ്ടക്കാമറ്റത്തിൽ, വാഴക്കാല
ബിന്ദു ജോയ് വെളിയന്നൂർക്കാരൻ, കാരക്കുന്നം
ഷൈനി ജോസ് കണ്ടത്തിക്കുടിയിൽ, നസ്രത്തുവാലി
ജിൻസി ജോസഫ് പെലക്കുടിയിൽ, കീരംപാറ
ഷൈനി ടോമി വാവൽകുന്നേൽ, കല്ലാനിക്കൽ
കൊച്ചു റാണി ടോമി, പൈങ്ങോട്ടൂർ
വിൽസൺ എം.സി. മാങ്കുടിയിൽ, കാവക്കാട്

## *V.69/2025* INSIGHT

ആധുനിക കാലഘട്ടത്തിൽ കുട്ടികൾക്ക് തങ്ങളെത്തന്നെ തിരിച്ചറിയുവാനും മനസാക്ഷിയുടെ സ്വരം ശ്രവിച്ച് ദൈവം നയിക്കുന്ന വഴിയിലൂടെ ആത്മവിശ്വാസത്തോടെ മുന്നേറുവാനും ഏഴാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായി ഒരുക്കുന്ന പരിശീലനപരിപാടിയാണ് 'INSIGHT'. ഇതിലേക്ക് ഓരോ ഇടവകയിൽനിന്നും 7-ാം ക്ലാസ്സിലെ 2 ആൺകുട്ടികളെയും 2 പെൺകുട്ടികളെയുമാണ് തെരഞ്ഞെടുത്ത് അയയ്ക്കേണ്ടത്.

| | | |
|---|---|---|
| Date | : | July 12, 13 |
| Venue | : | NESTT |
| Registration Fee | : | 500 |

*V.70/2025* **IGNITE**

കാലത്തിന്റെ പ്രത്യേകതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് ക്രിയാത്മകമായും സർഗ്ഗാത്മകമായും ചിന്തിച്ച് വളരാൻ ഒമ്പതാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായി ഒരുക്കുന്ന പരിശീലന പരിപാടി 'IGNITE' തയ്യാറായിരിക്കുന്നു. ഇതിലേക്ക് ഓരോ ഇടവകയിലും നിന്ന് 9-ാം ക്ലാസ്സിലെ 2 ആൺകുട്ടികളേയും 2 പെൺകുട്ടികളേയുമാണ് തെരഞ്ഞെടുത്ത് അയയ്ക്കേണ്ടത്.

| | | |
|---|---|---|
| Date | : | August 9, 10 |
| Venue | : | NESTT |
| Registration Fee | : | 500 |

*V. 71/2025* **നവാഗതരായ അദ്ധ്യാപകർക്ക് ട്രെയിനിംഗ്**

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂൺ 21, 22 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്നു. 108 പേർ പങ്കെടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് കല്ലറയ്ക്കൽ ഉദ്ഘാടനം നിർവഹിച്ചു. രൂപതാ റിസോഴ്സ് ടീമാണ് ക്ലാസ്സുകൾ നയിച്ചത്.

*V. 72/2025* **അദ്ധ്യാപക സെമിനാർ – Std. XII**

XII-ാം ക്ലാസ്സിലെ പുതിയ പുസ്തകം പരിചയപ്പെടുത്തുന്നതിനുള്ള സെമിനാർ ജൂൺ 15-ാം തീയതി മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ നടന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച സെമിനാർ വൈകിട്ട് 4 മണിക്ക് അവസാനിച്ചു. 110 പേർ പങ്കെടുത്തു. രൂപതാ റിസോഴ്സ് ടീമാണ് ക്ലാസ്സുകൾ നയിച്ചത്.

*V. 73/2025* **അദ്ധ്യാപക സെമിനാർ – Std. XI**

XI-ാം ക്ലാസ്സിലെ പുസ്തകം പരിചയപ്പെടുത്തുന്നതിനുള്ള സെമിനാർ ജൂൺ 29-ാം തീയതി മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ നടന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച സെമിനാർ വൈകിട്ട് 4 മണിക്ക് അവസാനിച്ചു. രൂപതാ റിസോഴ്സ് ടീമാണ് ക്ലാസ്സുകൾ നയിച്ചത്.

*V.74/2025* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി ജൂലൈ 30-നു മുമ്പ് രൂപീകരിച്ച് ലിസ്റ്റ് സൈറ്റിൽ എന്റർ ചെയ്യേണ്ടതാണ്.

*V.75/2025* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

ഈ വർഷം കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 20 രൂപയാണ്. ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ ജൂലൈ 31-ന് മുമ്പ് എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V.76/2025* **ലോഗോസ് ക്വിസ്**

ലോഗോസ്ക്വിസ് രജിസ്ട്രേഷൻ ഫീസും ലിസ്റ്റും വിജ്ഞാനഭവനിൽ തരേണ്ട അവസാന തീയതി ജൂലൈ 31 ആണ്.

*Director*

# കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 17/2025*

മിനിമം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ ക്ലാസ്സുകൾ നടത്തുന്നതിന് ഒഴിവ് ലഭിക്കുന്നതിനുള്ള അപേക്ഷ നിശ്ചിത ഫോമിൽ തയ്യാറാക്കി ജൂലൈ 20-ന് മുൻപ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

*Edn. 18/2025* **School Maintenance Fund**

| Date | School Name | Credit | Debit |
|---|---|---|---|
| 30/05/2025 | LF LPS Thazhuvamkunnu | 8500 | |
| 30/05/2025 | SH HSS Ayavana | 28336 | |
| 31/05/2025 | SH HS Ayavana | 38432 | |
| 31/05/2025 | FM UPS Malippara | 9610 | |
| 31/05/2025 | SR LPS Mudakkarai | 53832 | |
| 05/06/2025 | SG HSS Muthalakodam | 105394 | |
| 06/06/2025 | SG HS Muthalakodam | 32820 | |
| 07/06/2025 | SG HSS Kothamangalam | 50562 | |
| 07/06/2025 | ST LPS Nadukara | 19344 | |
| 09/06/2025 | HF LPS Karimannoor | 11592 | |
| 09/06/2025 | SG UPS Pooyamkutty | 2548 | |
| 12/06/2025 | SM LPS Marika | 6668 | |
| 12/06/2025 | ST UPS Paynkulam | 40142 | |
| 13/06/2025 | SS HSS Vazhithala | 33670 | |

| | | | |
|---|---|---|---|
| 13/06/2025 | SJ LPS Njarakadu | 10730 | |
| 13/06/2025 | SM LPS Kaliyar | 17132 | |
| 14/06/2025 | SS HS Memadangu | 4074 | |
| 14/06/2025 | SG UPS Muthalakodam | 32392 | |
| 14/06/2025 | SM HS Kaliyar | 50312 | |
| 14/06/2025 | FM UPS Malippara | 9642 | |
| 14/06/2025 | VJ UPS Chalassery | 2190 | |
| 14/06/2025 | IJ LPS Alakode | 28974 | |
| 14/06/2025 | SS UPS Ezhalloor | 6248 | |
| 14/06/2025 | SM LPS Ezhumuttam | 4808 | |
| 14/06/2025 | SA LPS Inchoor | 21854 | |
| 14/06/2025 | SJ UPS Nellimattom | 20616 | |
| 14/06/2025 | SJ HS Karimannoor | 121673 | |
| 14/06/2025 | SA LPS Anicadu | 22020 | |
| 14/06/2025 | SS HS Vazhithala | 16822 | |
| 14/06/2025 | SJ LPS Thommankuthu | 5152 | |
| 14/06/2025 | SA LPS Chilavu | 3016 | |
| 14/06/2025 | SG UPS Kallanickal | 30759 | |
| 14/06/2025 | SS HS Neyyassery | 4828 | |
| 14/06/2025 | MB UPS Thalayand | 6792 | |
| 14/06/2025 | SH LPS Ayavana | 18684 | |
| 16/06/2025 | LF LPS Oonnukal | 22956 | |
| 16/06/2025 | LF UPS Nediakad | 7932 | |
| 17/06/2025 | SJ LPS Parapuzha | 9206 | |
| 20/06/2025 | Anicadu | | 40000 |
| 20/06/2025 | Pooyamkutty | | 55000 |
| 21/06/2025 | Kallanickal | | 200000 |
| 21/06/2025 | SG HS Udumbannoor | 45024 | |
| 21/06/2025 | SS HS Thodupuzha | 49940 | |
| 21/06/2025 | SH LPS Kalloorkad | 9708 | |
| 21/06/2025 | SS HS Purapuzha | 25580 | |
| 21/06/2025 | SR HS Paynkulam | 32520 | |
| 21/06/2025 | SG TTI Vazhakulam | 19674 | |
| 23/06/2025 | Marika | | 100000 |
| 23/06/2025 | SG HS Muthalakodam | 18744 | |
| 23/06/2025 | SG HSS Kothamangalam | 44922 | |
| 24/06/2025 | SJ UPS Kaloor | 10178 | |
| 25/06/2025 | Malippara | | 180000 |
| 26/06/2025 | SG HSS Kalayanthani | 39468 | |
| 26/06/2025 | Mailacombu | | 110000 |
| 27/06/2025 | SJ LPS Paingottoor | 19288 | |

*Secretary*

# നിർമ്മല സിവിൽ സർവീസ് അക്കാദമി

### *NiCSA.24 /2025* സിവിൽ സർവീസ് പരിശീലന ക്ലാസ്സുകൾ ആരംഭിച്ചു

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന നിർമല സിവിൽ സർവീസ് അക്കാദമിയിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ഫുൾടൈം സിവിൽ സർവീസ് പരിശീലനത്തിലേക്കുള്ള ക്ലാസ്സുകൾ ജൂൺ 12-ന് ആരംഭിച്ചു.

### *NiCSA.25 /2025* സ്കൂൾ കുട്ടികൾക്കായുള്ള സിവിൽ സർവീസ് പരിശീലനം

2025-26 ബാച്ച് സ്കൂൾ കുട്ടികൾക്കായുള്ള സിവിൽ സർവീസ് പരിശീലന ക്ലാസ്സിലേക്കുള്ള സ്കോളർഷിപ്പ് പരീക്ഷ ജൂൺ, ജൂലൈ മാസങ്ങളിൽ നടത്തി.

### *NiCSA.26 /2025* നിർമ്മല കിഡ്സ്

5 മുതൽ 7 വരെ ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുള്ള സിവിൽ സർവീസ് കോച്ചിംഗ് പ്രോഗ്രാമാണ് നിർമ്മല കിഡ്സ്. പ്രഗൽഭരായ അധ്യാപകരുടെ നേതൃത്വത്തിലുള്ള മോട്ടിവേഷൻ ക്ലാസ്സുകൾ, പ്രസംഗ പരിശീലനം, ലീഡർഷിപ്പ് ട്രെയിനിംഗ്, ലൈഫ് സ്കിൽ ഗെയിംസ്, കറണ്ട് അഫേഴ്സ് ക്ലാസ്സുകൾ, സ്കൂൾ സംബന്ധമായ വിഷയങ്ങൾ (ഇംഗ്ലീഷ്, കണക്ക്, സയൻസ്) എന്നിവയാണ് വിദ്യാർത്ഥികൾക്ക് പങ്കുവയ്ക്കുന്നത്.

### *NiCSA.27 /2025* ഫണ്ടമെന്റൽസ്

8 മുതൽ 12 വരെ ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവീസ് കോച്ചിംഗ് പ്രോഗ്രാമാണ് ഫണ്ടമെന്റൽസ് കോഴ്സ്. രണ്ടു വർഷം നീണ്ടു നിൽക്കുന്ന ഫണ്ടമെന്റൽസ് കോഴ്സിൽ പ്രഗൽഭരായ അധ്യാപകരാണ് ക്ലാസ്സുകൾ നയിക്കുന്നത്. ഇന്ത്യൻ പൊളിറ്റി, ഹിസ്റ്ററി, ജോഗ്രഫി, ഇന്റർനാഷണൽ റിലേഷൻസ്, ഇന്ത്യൻ സെക്യൂരിറ്റി, തുടങ്ങിയ സിവിൽ സർവീസ് പരീക്ഷയുടെ പ്രധാനപ്പെട്ട വിഷയങ്ങൾ ഈ കോഴ്സിൽ നൽകുന്നു. കൂടാതെ പ്രസംഗ പരിശീലനം,

ലീഡർഷിപ്പ് ട്രെയിനിംഗ്, മോക്ക് ടെസ്റ്റുകൾ, ഇന്റർവ്യൂ പരിശീലനം തുടങ്ങിയവയും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സിവിൽ സർവീസ് രീതിയിലുള്ള ഫൈനൽ എക്സാം (പ്രിലിംസ്, മെയിൻസ്, ഇന്റർവ്യൂ)

ഇൻഡസ്ട്രിയൽ വിസിറ്റ് & സോഫ്റ്റ് സ്കിൽ വർഷോപ്പുകൾ.

*NiCSA.28/2025* **ഡിഗ്രി/പി.ജി വിദ്യാർത്ഥികൾക്കായുള്ള വാരാന്ത്യ ഫൗണ്ടേഷൻ കോഴ്സ്**

ഡിഗ്രി/പി.ജി വിദ്യാർത്ഥികൾക്കായുള്ള 3 വർഷം നീണ്ടു നിൽക്കുന്ന സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. എല്ലാ ശനി, ഞായർ ദിവസങ്ങളിലും ഉച്ചകഴിഞ്ഞാണ് ക്ലാസ്സുകൾ നടക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും ആയി അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

Contact No: 9496065457, 91423 96705

*Administrator*

## സോഷ്യൽ സർവീസ്

*SS. 35/2025* **നോട്ടുബുക്കുകൾ വിതരണം ചെയ്തു**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി 15 സ്കൂളുകളിൽ സൗജന്യമായി ജീവ നോട്ടുബുക്കുകളും പഠനോപകരണങ്ങളും വിതരണം ചെയ്തു.

*SS. 36/2025* **ജർമ്മൻ ഭാഷാപരിശീലനം**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയും ട്രാൻസെന്റ് ട്രെയിനിംഗ് സെന്ററും സംയുക്തമായി നടത്തുന്ന ജർമ്മൻ ഭാഷാപരിശീലനത്തിന്റെ 14-ാം ബാച്ച് ആരംഭിച്ചു. പ്ലസ് ടു കഴിഞ്ഞ ഉന്നത മാർക്കുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിലാണ് പരിശീലനം നൽകുന്നത്. പുതിയ ബാച്ചിന്റെ ഉദ്ഘാടനം KSSS ഡയറക്ടർ ഫാ. ജോസഫ് കൊച്ചുപറമ്പിൽ നിർവഹിച്ചു.

*SS. 37/2025* **ഫലവൃക്ഷത്തൈകൾ നൽകി**

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ

സഹകരണത്തോടെ 'തളിർ' പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി 5 ഇടവക യൂണിറ്റുകളിൽ 50 ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

കദളിക്കാട് യൂണിറ്റിന്റെ സഹകരണത്തോടെ മടക്കത്താനം അസ്സീസി സ്നേഹവീട്ടിൽ വൃക്ഷത്തൈ നട്ടു. രൂപത പ്രസിഡന്റ് സാവിയോ ജിജി, സോഷ്യൽ സർവീസ് സൊസൈറ്റി രൂപത അസി.ഡയറക്ടർ റവ. ഫാ പൗലോസ് നെടുംതടത്തിൽ, കെ.സി.വൈ.എം രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ, അസി. ഡയറക്ടർ ഫാ. ആന്റണി വിളയപ്പിള്ളിൽ, രൂപത ജനറൽ സെക്രട്ടറി അനു ബേബി, രൂപത വൈസ് പ്രസിഡന്റുമാരായ ആൻ മരിയ ജോസ്, മെൽബിൻ കുര്യാക്കോസ്, രൂപത സെക്രട്ടറിമാരായ ലിബിൻ തോമസ്, ജോബിൻ സണ്ണി, ട്രഷറർ ജോർജ് വർഗീസ്, സംസ്ഥാന സെനറ്റ് അംഗം അമല പ്ലാക്കീൽ, സോഷ്യൽ സർവ്വീസ് പ്രോഗ്രാം കോ-ഓഡിനേറ്റർ ജോൺസൺ കറുകപ്പിള്ളിൽ, ജോസ് പോൾ എന്നിവർ സന്നിഹിതരായിരുന്നു.

വാഴക്കുളം ഫൊറോന പ്രസിഡന്റ് ഷോൺ ജോഷി, മൈലക്കൊമ്പ് ഫൊറോന പ്രസിഡന്റ് ഐറിൻ ടോമി, മൂവാറ്റുപുഴ ഫൊറോന പ്രസിഡന്റ് ജേക്കബ് സാന്റി, കദളിക്കാട് യൂണിറ്റ് പ്രസിഡന്റ് ആൽബിൻ ബെന്നി എന്നിവർക്ക് തൈ നൽകി. പെരിങ്ങഴ, കോലടി, പരീക്കണ്ണി യൂണിറ്റുകളിലെ യുവജനങ്ങൾക്ക് വൃക്ഷത്തൈ നൽകുകയും, നെല്ലിമറ്റം യൂണിറ്റിൽ യൂണിറ്റ് പ്രസിഡന്റ് ശ്രീ. സെബിൻ തൈ നടുകയും തുടർന്ന് യൂണിറ്റിലെ 10 യുവജനങ്ങൾക്ക് തൈ വിതരണം നടത്തുകയും ചെയ്തു.

കദളിക്കാട് യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് പോത്തനാമുഴി, അസി ഡയറക്ടർ ഫാ. വർഗീസ് പാറമേൽ, യൂണിറ്റ് പ്രസിഡന്റ് ആൽബിൻ ബെന്നി, നെല്ലിമറ്റം യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് ജെ. പറയിടം, അസി. ഡയറക്ടർ ഫാ. ജീവൻ മഠത്തിൽ, യൂണിറ്റ് പ്രസിഡന്റ് സെബിൻ ജെയ്സൺ, കോലടി യൂണിറ്റ് ഡയറക്ടർ ഫാ. ചാൾസ് കപ്യാരുമലയിൽ, യൂണിറ്റ് പ്രസിഡന്റ് അവിൻ ബെന്നി, പരീക്കണ്ണി യൂണിറ്റ് ഡയറക്ടർ ഫാ. ജോൺസൺ ഒറോപ്ലാക്കൽ, യൂണിറ്റ് പ്രസിഡന്റ് ലിൻസ് ആന്റണി, പെരിങ്ങഴ യൂണിറ്റ് ഡയറക്ടർ ഫാ. പോൾ കാരക്കൊമ്പിൽ, യൂണിറ്റ് പ്രസിഡന്റ് ഹെലസ് ബെന്നി, അസ്സീസി സ്നേഹവീട്ടിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, എന്നിവർ വിവിധ യൂണിറ്റുകളിൽ നേതൃത്വം നൽകി.

*SS. 38/2025* **കരുതൽ - 2025**

മഴക്കാല സഹായ പദ്ധതിയുടെ അപേക്ഷകൾ ക്ഷണിച്ചു. ചികിത്സ, വീട് പുനരുദ്ധാരണം, വിദ്യാഭ്യാസം എന്നിവയ്ക്കാണ് സഹായം നൽകുക.

*SS. 39/2025* **ലോക ലഹരി വിരുദ്ധ ദിനാചരണ മത്സരം**

ലോക ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ഷോർട്ട്സ് വീഡിയോ മത്സരം സംഘടിപ്പിച്ചു. ലഹരിക്കെതിരെ ബോധവൽക്കരണം നടത്തുന്ന ഒരു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോകളാണ് മത്സരത്തിൽ ഉൾപ്പെടുത്തുന്നത്.

*SS. 40/2025* **അന്തർദേശീയ ലഹരി വിരുദ്ധ ദിനാചരണം**

അന്തർദേശീയ ലഹരിവിരുദ്ധദിനാചരണത്തിന്റെ ഭാഗമായി കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി സജീവം ലഹരി വിരുദ്ധ ക്യാമ്പെയിനിന്റെ ഭാഗമായി കോതമംഗലം സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

*SS. 41/2025* **സജീവം സൺഡേ**

സജീവം ലഹരി വിരുദ്ധ ക്യാമ്പെയിനിന്റെ ഭാഗമായി 'സജീവം സൺഡേ' ആചരണം നെടിയകാട് ലിറ്റിൽ ഫ്ളവർ ഇടവകയിൽ വച്ച് നടത്തി. ലഹരി വിരുദ്ധ റാലി, പ്രതിജ്ഞ, മാജിക് ഷോയിലൂടെ ബോധവൽക്കരണം തുടങ്ങിയ പരിപാടികൾ നടത്തി.

*SS. 42/2025* **ആശാകിരണം കാൻസർ സുരക്ഷ പദ്ധതി**

ആശാകിരണം കാൻസർ സുരക്ഷ പദ്ധതിവഴി 2025 ഏപ്രിൽ 1 മുതൽ ജൂലൈ 15 വരെ 200026 രൂപ ചികിത്സാ സഹായമായി നൽകി.

*Director*

## തിരുബാലസഖ്യം

*HC. 4/2025* **ആനിമേറ്റേഴ്സ് മീറ്റ്**

2025 ജൂൺ 7-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ നിർമല ഹൈസ്കൂളിൽ വച്ച് നടന്ന ആനിമേറ്റേഴ്സ് മീറ്റിൽ നൂറോളം ആനിമേറ്റേഴ്സ് പങ്കെടുത്തു.

### *HC. 5/2025* രൂപതാതല തിരുബാലസഖ്യ മത്സരങ്ങൾ

ഈ പ്രവർത്തന വർഷത്തെ തിരുബാലസഖ്യത്തിന്റെ രൂപതാതല മത്സരങ്ങൾ 2025 ഓഗസ്റ്റ് 9-ാം തീയതി തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം എന്നീ റീജിയണുകളിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. ബഹുമാനപ്പെട്ട ആനിമേറ്റേഴ്സ് കുട്ടികളെ മത്സരങ്ങൾക്ക് ഒരുക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു ശാഖയ്ക്ക് 800/- രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

### *CML 41/2025* രൂപതാ തല ചെറുസൂനം ക്വിസ് വിജയികൾ

| | | |
|---|---|---|
| First Prize | - Twinkle Siju | ആരക്കുഴ ശാഖ |
| Second Prize | - Avilin Binu | കീരംപാറ ശാഖ |
| Third Prize | - Ann Maria S | കരിമണ്ണൂർ ശാഖ |

### *CML 42/2025* രൂപതാതല കയ്യെഴുത്തു മാസിക വിജയികൾ

| | |
|---|---|
| First Prize | - മാതിരപ്പിള്ളി ശാഖ |
| Second Prize | - മുതലക്കോടം ശാഖ |
| Third Prize | - ആരക്കുഴ ശാഖ |

### *CML 43/2025* ആനിമേറ്റേഴ്സ് സീനിയർ ഓർഗനൈസേഴ്സ് മീറ്റ്

2025 ജൂൺ 7-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ നിർമല ഹൈസ്കൂളിൽ വച്ച് നടന്ന ആനിമേറ്റേഴ്സ് സീനിയർ ഓർഗനൈസേഴ്സ് മീറ്റിൽ 220 പേർ പങ്കെടുത്തു. ശ്രീ. ജയ്സൺ അറയ്ക്കൽ ക്ലാസ്സ് എടുത്തു. മൂവാറ്റുപുഴ ഹോളി മാഗി ഫൊറോന പള്ളി വികാരി റവ. ഫാ. മാനുവൽ പിച്ചളക്കാട്ട് യോഗത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

### *CML 44/2025* രൂപതാ പ്രവർത്തന വർഷ ഉദ്ഘാടനം

2025-26 രൂപതാ തല പ്രവർത്തന വർഷ ഉദ്ഘാടനം കീരംപാറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ വച്ച് കോതമംഗലം രൂപത വികാരി ജനറാൾ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ നിർവഹിച്ചു. മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് ശ്രീ. സജിൽ ജോർജ് അധ്യക്ഷത വഹിച്ച യോഗത്തിൽ കീരംപാറ പള്ളി വികാരി ബഹു. മാത്യു കൊച്ചു

പുരയ്ക്കൽ (Jr) അച്ചൻ മുഖ്യപ്രഭാഷണവും കോതമംഗലം മേഖല അസി. ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ ചേറ്റൂർ അനുഗ്രഹ പ്രഭാഷണവും നടത്തി.

### *CML 45/2025* പുതിയ മേഖല ഡയറക്ടേഴ്സ്, അസി. ഡയറക്ടേഴ്സ്

| | | |
|---|---|---|
| കോതമംഗലം മേഖല | - ഡയറക്ടർ | : റവ. ഫാ. പോൾ അവരാപ്പാട്ട് |
| | അസി. ഡയറക്ടർ | : റവ. ഫാ. ജസ്റ്റിൻ ചേറ്റൂർ |
| ഊന്നുകൽ മേഖല | - ഡയറക്ടർ | : റവ. ഫാ. അബ്രഹാം പാറയ്ക്കൽ |
| | അസി. ഡയറക്ടർ | : റവ. ഫാ. ജോസഫ് മഠത്തിൽ (Jr) |
| മൂവാറ്റുപുഴ മേഖല | - ഡയറക്ടർ | : റവ. ഫാ. മാനുവൽ പിച്ചളക്കാട്ട് |
| | അസി. ഡയറക്ടർ | : റവ. ഫാ. വർഗീസ് കണ്ണാടൻ |
| വാഴക്കുളം മേഖല | - ഡയറക്ടർ | : റവ. ഫാ. ജോസഫ് പുളിക്കൽ (Sr) |
| | അസി. ഡയറക്ടർ | : റവ. ഫാ. കുര്യൻ കുരീക്കാട്ടിൽ |
| തൊടുപുഴ മേഖല | - ഡയറക്ടർ | : റവ. ഫാ. ജോസ് പൊതൂർ |
| | അസി. ഡയറക്ടർ | : റവ. ഫാ. ആൻഡ്രൂസ് മൂലയിൽ |
| കാളിയാർ മേഖല | - ഡയറക്ടർ | : റവ. ഫാ. സെബാസ്റ്റ്യൻ തുമ്പമറ്റത്തിൽ |
| | അസി. ഡയറക്ടർ | : റവ. ഫാ. സിറിയക് മഞ്ഞക്കടമ്പിൽ |
| മുതലക്കോടം മേഖല | - ഡയറക്ടർ | : റവ. ഫാ. ജോസഫ് നിരവത്ത് |
| | അസി. ഡയറക്ടർ | : റവ. ഫാ. ജോസഫ് കാരക്കുന്നേൽ |
| കരിമണ്ണൂർ മേഖല | - ഡയറക്ടർ | : റവ. ഫാ. ജോസഫ് കൊച്ചുപറമ്പിൽ (Sr) |
| | അസി. ഡയറക്ടർ | : റവ. ഫാ. ജോർജ് മാതേക്കൽ |

### *CML 46/2025* മേഖല വാർഷികവും കൗൺസിലും

ജൂൺ 22, 29 തീയതികളിൽ വിവിധ മേഖല കേന്ദ്രങ്ങളിൽ മേഖലാ കൗൺസിലും വാർഷികവും നടന്നു. മേഖല ഭാരവാഹികൾ കൗൺസിലിന് നേതൃത്വം നൽകി. പുതിയ മേഖല ഭാരവാഹികളെ തിരഞ്ഞെടുത്തു. മേഖലയിലെ പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ. ജൂലൈ 6 നുള്ളിൽ എല്ലാ മേഖലകളിലും വാർഷികവും കൗൺസിലും പൂർത്തീകരിക്കാൻ ശ്രദ്ധിക്കുമല്ലോ.

### *CML 47/2025* മേഖല സാഹിത്യ മത്സരം

ഈ വർഷത്തെ മേഖലാ സാഹിത്യ മത്സരം ജൂലൈ 24-ന് ആണ് ക്രമീകരിച്ചിരിക്കുന്നത്. പതിവുപോലെ ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളിൽ കഥാ, കവിത, ഉപന്യാസം മത്സരം ഉണ്ടാ

യിരിക്കും. ഇതിനോടൊപ്പം ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗത്തിൽ ആൺ പെൺ വ്യത്യാസമില്ലാതെ ഇംഗ്ലീഷ് ഉപന്യാസ മത്സരവും ഉണ്ടായിരിക്കും. ഓരോ വിഭാഗത്തിലും 2 കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. (NB: മറ്റ് മത്സരങ്ങൾ എല്ലാം പതിവു പോലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും എന്ന രീതിയിലാണ്.)

*CML 48/2025* **രൂപതാ കൗൺസിലും വാർഷികവും**

2024-25 പ്രവർത്തന വർഷത്തെ രൂപത വാർഷികവും 2025-26 ലെ കൗൺസിലും ജൂലൈ 12 ശനിയാഴ്ച ഉച്ചതിരിഞ്ഞു 2-ന് മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിൽ വച്ച് ചേരുന്നു. ഈ സമ്മേളനത്തിൽ വച്ച് കഴിഞ്ഞ പ്രവർത്തന വർഷത്തെ മികച്ച ശാഖകളെയും മേഖലകളെയും ആദരിക്കുന്നതാണ്. എല്ലാ ശാഖാ ഭാരവാഹികളും രൂപതാ കൗൺസിലിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 48/2025* **10, +2 ജേതാക്കൾ**

വേദപാഠ പരീക്ഷയിൽ 10, +2 ക്ലാസ്സുകളിൽ 90% ലധികം മാർക്ക് വാങ്ങിയ കുട്ടികളെ രൂപതാവാർഷികദിനത്തിൽ ആദരിക്കുന്നു. ഇതിനായി നമ്മുടെ ഇടവകകളിൽ 2024-25 അധ്യയനവർഷത്തിൽ ഈ ക്ലാസ്സുകളിൽ 90% ലധികം മാർക്ക് നേടിയ കുട്ടികളുടെ ലിസ്റ്റ് +91 8848194020 നമ്പറിലേക്ക് ജൂൺ 30-നകം അയയ്ക്കുമല്ലോ.

*Director*

---

## കെ.സി.എസ്.എൽ.

---

*KCSL. 12/2025* **യൂണിറ്റ് തല ഉദ്ഘാടനം**

കെ സി എസ് എൽ പ്രവർത്തനങ്ങളുടെ യൂണിറ്റ് തല ഉദ്ഘാടനം ജൂൺ 11 ബുധനാഴ്ച നെല്ലിമറ്റം സെന്റ് ജോസഫ് യു.പി. സ്കൂളിൽ വച്ച് നടന്നു.

*KCSL. 13/2025* **രൂപത കൗൺസിൽ**

കെ.സി.എസ്.എൽ. രൂപത കൗൺസിലും പ്രവർത്തന വർഷ ആരംഭവും ജൂൺ 14-ന് വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് വികാരി ജനറാൾ മോൺ.പയസ് മലേക്കണ്ടത്തിൽ നിർവഹിച്ചു. തദവസരത്തിൽ മികച്ച ആനിമേറ്റർക്കുള്ള അവാർഡും മികച്ച യൂണിറ്റുകൾക്കുള്ള ബഹുമതികളും സമ്മാനിച്ചതോടൊപ്പം പ്ര

വർത്തന വർഷത്തിലെ വിദ്യാർത്ഥി ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

*KCSL. 14/2025* **ആനിമേറ്റേഴ്സ് സംഗമം**

പ്രവർത്തനവർഷത്തിലെ ആദ്യ ആനിമേറ്റേഴ്സ് സംഗമം ജൂലൈ മാസത്തിൽ നടക്കുന്നതാണ്. അന്നേദിനം മാർഗരേഖയുടെ പ്രകാശനവും സ്ക്രാച്ച് ആൻഡ് വിൻ കൂപ്പൺ വിതരണവും നടക്കുന്നതായിരിക്കും.

*KCSL. 15/2025* **സംസ്ഥാന നേതൃസംഗമം**

സംസ്ഥാനതല നേതൃസംഗമം കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 1, 2 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടക്കുന്നതാണ്.

*KCSL. 16/2025* **തിരുവചന ബോർഡ് സ്ഥാപനം**

എല്ലാ യൂണിറ്റുകളിലും ജൂലൈ ആദ്യ വെള്ളിയാഴ്ച തിരുവചന ബോർഡ് സ്ഥാപനം കെ.സി.എസ്.എൽ. -ന്റെ നേതൃത്വത്തിൽ നടത്തുകയും വിശുദ്ധഗ്രന്ഥ വചനങ്ങൾ അതിൽ എഴുതുകയും ചെയ്യേണ്ടതാണ്.

*Director*

# ഫാമിലി അപ്പോസ്തലേറ്റ്

*FA 17/2025* **രൂപത കൗൺസിൽ**

ജൂൺ മൂന്നാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഫാമിലി അപ്പോസ്തലേറ്റ് രൂപത കൗൺസിൽ യോഗം ചേർന്നു. രൂപത പ്രസിഡന്റ് ഡിഗോൾ കൊളംബേൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പോസ്തലേറ്റ് രൂപത ഡയറക്ടർ ആയി ചാർജ് എടുത്ത ആന്റണി അച്ചനെ സ്വാഗതം ചെയ്ത് രൂപത വൈസ് പ്രസിഡന്റ് റീന രാജീവ് സംസാരിച്ചു. നിലവിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഫൊറോന ഭാരവാഹികൾ വിശദീകരിച്ചു. സി. ആനി തെരേസ് CHF, സി. ജെസ്ലെറ്റ്, ജോളി കുമ്പാട്ട്, ജോർജ്ജുകുട്ടി അറയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

*FA 18/2025* **ജൂബിലി ദമ്പതി സംഗമം 2025**

വിവാഹ ജീവിതത്തിൽ 25, 50 വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതിമാരെ ആദരിക്കുവാനായി നടത്തുന്ന ജൂബിലി ദമ്പതി സംഗമം ഒക്ടോബർ രണ്ടിന് സംഘടിപ്പിക്കുന്നു. 1975 ലോ 2000 ത്തിലോ വിവാഹിതരായവർ ആണ് പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്നവരുടെ ഫോട്ടോയും പേരുവിവരങ്ങളും ഫാമിലി അപ്പോസ്റ്റലേറ്റ് ഭാരവാഹികൾ വഴി നെസ്റ്റിലെ ഓഫീസിൽ ആഗസ്റ്റ് 30-നകം എത്തിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*FA 19/2025* **പ്രീ മാര്യേജ് കോഴ്സ്, നെസ്റ്റ്**

ജൂലൈ 10-12
ആഗസ്റ്റ് 7-9, 21-23

*Director*

# പ്രോലൈഫ്

*PL 7/2025* **പ്രോ ലൈഫ് മാജിക് ഷോ**

| | | |
|---|---|---|
| മെയ് 26 | - | പട്ടിത്താനം തിരുബാലസഖ്യം |
| മെയ് 28 | - | രാമമംഗലം പെൻഷൻ ഗ്രൂപ്പ് |
| ജൂൺ 2 | - | പെരിങ്ങഴ യുപി സ്കൂൾ |

*PL 8/2025* **ആലോചനയോഗം**

രൂപതാതലത്തിലുള്ള ഈ വർഷത്തെ പ്രോ ലൈഫ് പരിപാടികൾക്കുവേണ്ടിയുള്ള ആലോചനയോഗം ജൂലൈ രണ്ടാമത്തെ ഞായറാഴ്ച 13-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുന്നതാണ്. രൂപതയിലെ പ്രോലൈഫിൽ ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യമുള്ള എല്ലാവരും ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*Director*

# പിതൃവേദി

*PV 10/2025* **രൂപതാ കമ്മിറ്റി**

പിതൃവേദിയുടെ പുതിയ ഡയറക്ടർ ആയി ചാർജെടുത്ത ബഹു. ആന്റണി പുത്തൻകുളം അച്ചന് ജൂൺ മൂന്നിനു ചേർന്ന രൂപതാ

കമ്മിറ്റിയിൽ വച്ച് ഹൃദ്യമായ സ്വാഗതം ആശംസിച്ചു. പിതൃവേദിയെ കൂടുതൽ ഫലപ്രദമായി മുമ്പോട്ടു നയിക്കാനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

*PV 11/2025* **മിഷനറി സംഗമം**

KCBC അല്മായ കമ്മീഷന്റെ നേതൃത്വത്തിൽ മെയ് മാസം സംഘടിപ്പിച്ച അല്മായ മിഷനറി സംഗമത്തിൽ രൂപതാ പിതൃവേദിയുടെ നേതൃത്വത്തിൽ വിജ്ഞാനമാതാ, മീങ്കുന്നം, കോലടി, കീരമ്പാറ മുതലായ ഇടവകകളിൽ നിന്നായി 24 അംഗങ്ങൾ പങ്കെടുത്തു.

*Director*

## മാതൃവേദി

*MV 12/2025* **2025 രൂപതാ കമ്മിറ്റി**

2025-2027 പ്രവർത്തന വർഷത്തെ ബഹുമാനപ്പെട്ട ആന്റണി പുത്തൻകുളം അച്ചന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ രൂപത കൗൺസിൽ 30.04.2025 വെള്ളിയാഴ്ച 2.00 pm-ന് കൂടി. ചാപ്പലിൽ കരുണക്കൊന്ത ചൊല്ലി യോഗം ആരംഭിച്ചു. എല്ലാവരും കൂടി അച്ചനെ സ്വാഗതം ചെയ്തു. ജാൻസി മാത്യു ആശംസ അർപ്പിച്ച് സംസാരിച്ചു.

എല്ലാവരും സ്വയം പരിചയപ്പെടുത്തി. ഈ വർഷത്തെ കർമ്മപരിപാടികളെക്കുറിച്ച് അച്ചൻ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി. പിന്നീട് പൊതുചർച്ചയായിരുന്നു. പ്രവർത്തന വർഷ ഉദ്ഘാടനം, മാർഗ്ഗരേഖ തയ്യാറാക്കൽ, വിവാഹ സഹായ നിധി കവർ വിതരണം എന്നീ കാര്യങ്ങൾ ചർച്ചയിൽ ഉൾപ്പെട്ടു.

17.06.2025 ചൊവ്വാഴ്ച രൂപതാ സെനറ്റ് കൂടാമെന്ന് തീരുമാനിച്ചു. 13.06.2025 വെള്ളിയാഴ്ച 2.00 pm-ന് രൂപതാ കമ്മിറ്റി കൂടി. പ്രാർത്ഥനയോടെ ആരംഭിച്ചു. 05.07.2025 ശനിയാഴ്ച 10.00 am -ന് പ്രവർത്തന വർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും നിർമ്മല ഹയർ സെക്കന്ററി സ്കൂൾ, മൂവാറ്റുപുഴ വച്ച് നടത്താമെന്ന് തീരുമാനമായി. അന്നേ ദിവസം രൂപതയിലെ വിവിധ സംഘടനാ ഭാരവാഹികൾ ചേർന്ന് ബഹു. ആന്റണി അച്ചന്റെ ഫീസ്റ്റാഘോഷത്തിൽ പങ്കുചേർന്നു. രൂപതാ പ്രസിഡന്റ് ജാൻസി മാത്യു ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ആനിമേറ്റർ സിസ്റ്ററിനോട് ചേർന്ന് സ്നേഹ ഉപഹാരം കൈമാറി.

21.05.2025 നെസ്റ്റിൽ വച്ചു നടന്ന മിഷനറി സംഗമത്തിൽ രൂപതാ പ്രസിഡന്റ് ജാൻസി മാത്യു പങ്കെടുത്തു.

*MV 13/2025* **മാതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം ജൂലൈ 5**

ഈ വർഷത്തെ മാതൃവേദിയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും 2025-27 പ്രവർത്തവർഷ മാർഗ്ഗരേഖയുടെ പ്രകാശനവും മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ജൂലൈ 5-ാം തീയതി രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിക്കുന്നതാണ്. എല്ലാ യൂണിറ്റിലെയും ഭാരവാഹികളും, സെനറ്റ് അംഗങ്ങളും, ഫൊറോനാ ഭാരവാഹികളും ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

*Director*

# യൂദിത്ത് മിനിസ്ട്രി

*JM 5/2025* **രൂപതാ കമ്മിറ്റി**

യൂദിത്ത്-നവോമി ഫോറം രൂപതാ കമ്മറ്റി 3.6.2025-ൽ മൂവാറ്റുപുഴ NESTT-ൽ രൂപതാ ഡയറക്ടർ ബഹു. ആന്റണി പുത്തൻകുളം അച്ചന്റെ അദ്ധ്യക്ഷതയിൽ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. പ്രസ്തുത യോഗത്തിൽ രൂപതാ Vice President ശ്രീമതി ലിസി സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു നാളിതുവരെയുള്ള പ്രവർത്തനങ്ങളെ കുറിച്ചു വിവരിച്ചു. യൂദിത്ത്-നവോമി ഫോറം രൂപതാ Director ആയി ചുമതല ഏറ്റെടുത്ത ആന്റണി അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിച്ചു. യൂദിത്ത്-നവോമി ഫോറം സംഘടനയ്ക്ക് മുന്നോട്ടുള്ള പ്രയാണത്തിന് നൂതനമായ ആശയങ്ങളും പുത്തൻ പ്രതീക്ഷയും എല്ലാവരെയും ഒന്നിച്ചു നിർത്തി ഒരുമയോടെ കുറവുകളെ നിറവുകളാക്കി സംഘടന പ്രവർത്തിക്കാനുള്ള എല്ലാ സഹായവും ഒരുക്കിത്തരാം എന്ന് അച്ചൻ സന്ദേശത്തിലൂടെ വ്യക്തമാക്കി.

*JM 6/2025* **World Widows' Day Celebration**

ജൂൺ 23-ാം തീയതി ലോക വിധവദിനത്തിന്റെ രൂപതാദിന ആഘോഷം രാവിലെ 10 മണിക്ക് മൂവാറ്റുപുഴ NESTT Pastoral Centre-ൽ വച്ച് നടന്നു.

*Director*

# മദ്യവിരുദ്ധ സമിതി

*MVS 9/2025* **പ്രാർത്ഥനദിനാചരണവും കർമ്മപദ്ധതി രൂപീകരണവും**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി കോതമംഗലം രൂപത പ്രാർത്ഥന ദിനാചരണവും വാർഷിക കർമ്മപദ്ധതി രൂപീകരണയോഗവും പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് ഫെറോന പള്ളിയിൽ നടത്തി.

ലഹരി വിരുദ്ധ സെമിനാറുകൾ, ഭവനസന്ദർശനം, ലഹരി വിരുദ്ധപ്രസംഗ മത്സരം, ഉപന്യാസം, ചിത്രരചന അടക്കം വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. ലഹരി വിരുദ്ധപ്രചരണം, ലഹരിക്കെതിരെ വിവിധ കലാസൃഷ്ടികളുടെ അവതരണം, കൂടുതൽ ഇടവകകളിൽ യൂണിറ്റ് രൂപീകരണം, സ്കൂളുകൾ, സൺഡേ സ്കൂളുകൾ കേന്ദ്രീകരിച്ച് വിവിധ പ്രവർത്തനങ്ങൾ എന്നിവ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി രൂപതതല, മേഖല, ഇടവകതല പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും തീരുമാനിച്ചു.

ദിനാചരണം കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപത ഡയറക്ടർ ഫാ. ജെയിംസ് ഐക്കരമറ്റം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജെയിംസ് കോറമ്പേൽ അദ്ധ്യക്ഷത വഹിച്ചു. ഫെറോന വികാരി ഫാ. കുര്യാക്കോസ് കൊടകല്ലിൽ മുഖ്യപ്രഭാഷണം നടത്തി. രൂപത ജനറൽ സെക്രട്ടറി ജോണി കണ്ണാടൻ കർമ്മപദ്ധതി അവതരിപ്പിച്ചു. സെബാസ്റ്റ്യൻ കൊച്ചടിവാരം, ജോസ് കൈതമന, സിജോ കൊട്ടാരത്തിൽ, ജോമോൻ ജേക്കബ്, കെ.വി. ഏണസ്റ്റ്, മാർട്ടിൻ കീഴേമാടൻ, ജോജോ അബ്രാഹം, പീറ്റർ ഇടപ്പുളവൻ എന്നിവർ പ്രസംഗിച്ചു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 14/2025* **രൂപത സമിതി യോഗം**

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് കോതമംഗലം രൂപത സമിതി ജൂൺ മാസം മൂന്നാം തീയതി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ

യോഗം ചേർന്നു. രൂപത പ്രസിഡന്റ് ഡിഗോൾ കെ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ DFC സംസ്ഥാന ഭാരവാഹികൾ പങ്കെടുത്തു. സംസ്ഥാന ജോയിന്റ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ മുഖ്യ പ്രഭാഷണം നടത്തി. DFC രൂപത ഡയറക്ടർ ആയി ചാർജെടുത്ത ബഹു. ആന്റണിയച്ചന് സ്വാഗതം ആശംസിച്ച് ജോസഫ് മൂലശ്ശേരി സംസാരിച്ചു. സംസ്ഥാന പ്രസിഡന്റ് ലോറൻസ് എബ്രാഹം, ജനറൽ സെക്രട്ടറി ജോയി മടുക്കാക്കുടി, രൂപത ജനറൽ സെക്രട്ടറി ജോർജ് മങ്ങാട്ട്, ജേക്കബ് തോമസ് ഇരമംഗലത്ത് എന്നിവർ പ്രസംഗിച്ചു.

*DFC 15/2025* **ദീപിക നമ്മുടെ ഭാഷാ പദ്ധതി**

ദീപിക നമ്മുടെ ഭാഷാ പദ്ധതി കോതമംഗലം രൂപതാതല ഉദ്ഘാടനം വെളിയേൽച്ചാൽ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ ഡി.എഫ്.സി രൂപത ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം നിർവഹിച്ചു. സ്കൂൾ മാനേജർ ഫാ. ജോൺ പിച്ചാപ്പിള്ളിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പത്രങ്ങൾ സ്പോൺസർ ചെയ്ത ആന്റണി കുര്യാക്കോസ് ഓലിയപ്പുറം പത്രത്തിന്റെ വിതരണോദ്ഘാടനം നിർവ്വഹിച്ചു. ഹെഡ്മാസ്റ്റർ ഫാ. ജേക്കബ് വടക്കുംപറമ്പിൽ, ഡി.എഫ്.സി രൂപത പ്രസിഡിന്റ് ഡിഗോൾ കെ ജോർജ്ജ്, ജനറൽ സെക്രട്ടറി ജോർജ്ജ് മങ്ങാട്ട്, ദീപിക ഏരിയ സർക്കുലേഷൻ മാനേജർ ജോഷി കുര്യൻ, സ്കൂൾ സീനിയർ അസിസ്റ്റന്റ് ജെർമി ജോസഫ്, സ്റ്റാഫ് പ്രതിനിധി ആൻമേരി റോയി, മാത്യു റ്റി.സി എന്നിവർ പ്രസംഗിച്ചു.

*DFC 16/2025* **ഡ്രീം ലൈൻ പ്രൊജക്ട്**

നെടിയകാട് ലിറ്റിൽ ഫ്ളവർ പള്ളിയിലും പാറപ്പുഴ സെന്റ് ജോസഫ് പള്ളിയിലും ദീപിക പ്രചരണത്തിനായി ഡ്രീം ലൈൻ പ്രോജക്ട് നടത്തി. ഇതിനായി എല്ലാ സഹായ സഹകരണങ്ങളും നൽകിയ വികാരിമാരായ ബഹു. തോമസ് പൂവത്തിങ്കൽ അച്ചനും ബഹു. ജെയിംസ് വടക്കേക്കുടി അച്ചനും, കൈക്കാരന്മാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, DFC ഭാരവാഹികൾ, മറ്റു ഭക്തസംഘടനാ ഭാരവാഹികൾ എന്നിവർക്കും ദീപിക ഫ്രണ്ട്സ് ക്ലബ്ബ് കോതമംഗലം രൂപത സമിതിയുടെ നന്ദി രേഖപ്പെടുത്തുന്നു.

*DFC 17/2025* **ദീപിക യംഗ് ജീനിയസ് മീറ്റ്**

ദീപിക N. able Training Institute ഉം ആയി സഹകരിച്ച് മൂവാറ്റുപുഴയിലും, കോതമംഗലത്തും, ZEIQ Consultants ഉം ആയി സഹകരിച്ച് മുതലക്കോടത്തും SSLC, Plus Two പരീക്ഷകളിൽ Full A+ നേടിയ വിദ്യാർത്ഥികളെ ആദരിച്ചു.

*Co-ordinator*

## യുവദീപ്തി- K.C.Y.M.

*YD 24/2025* **നന്ദി**

2024-25 പ്രവർത്തന വർഷത്തിൽ 14 ഫൊറോനകളിൽ സ്തുത്യർഹമായ സേവനം കൊണ്ട് യുവജനപ്രസ്ഥാനത്തിന് തണലും കരുത്തുമായ എല്ലാ ഫൊറോന ഡയറക്ടർ, അസി. ഡയറക്ടർ അച്ചന്മാർക്കും രൂപത യുവജന കുടുംബത്തിന്റെ നന്ദി.

*YD 25/2025* **പുതിയ ഡയറക്ടർമാർ**

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപത യുവജന പ്രസ്ഥാനത്തിന്റെ 2025-2026 പ്രവർത്തനവർഷത്തെ 14 ഫൊറോന ഡയറക്ടർ അച്ചന്മാർക്ക് ആശംസകൾ.

| | |
|---|---|
| മൂവാറ്റുപുഴ | റവ. ഫാ. ജോർജ് ചെമ്പരത്തി |
| | റവ. ഫാ. വർഗീസ് കണ്ണാടൻ |
| വാഴക്കുളം | റവ. ഫാ. ജോസഫ് കൊച്ചുപുത്തൻപുരയിൽ |
| | റവ. ഫാ. കുര്യൻ കുരീക്കാട്ടിൽ |
| തൊടുപുഴ | റവ. ഫാ. ജോർജ് പീച്ചാനിക്കുന്നേൽ |
| | റവ. ഫാ. ഇമ്മാനുവൽ വെള്ളാംകുന്നേൽ |
| മാറിക | റവ. ഫാ. ജോസഫ് കപ്യാരുമലയിൽ |
| | റവ. ഫാ. ജോസഫ് കുഞ്ചിറക്കാട്ട് |
| കരിമണ്ണൂർ | റവ. ഫാ. മാത്യു തറപ്പിൽ |
| | റവ. ഫാ. ജോർജ് മാതേക്കൽ |
| കാളിയാർ | റവ. ഫാ. സിറിയക് മഞ്ഞക്കടമ്പിൽ |
| പൈങ്ങോട്ടൂർ | റവ. ഫാ. ജോൺസൺ വാമറ്റത്തിൽ |

| | |
|---|---|
| കോതമംഗലം | റവ. ഫാ. പോൾ അവരാപ്പാട്ട് |
| | റവ. ഫാ. ജസ്റ്റിൻ ചേറ്റൂർ |
| ഊന്നുകൽ | റവ. ഫാ. ജോൺസൺ ഒറോപ്ലാക്കൽ |
| | റവ. ഫാ. അബ്രഹാം പാറക്കൽ |
| മൈലക്കൊമ്പ് | റവ. ഫാ. ജോസഫ് കുന്നുംപുറത്ത് |
| | റവ. ഫാ. ജെയിംസ് കല്ലറയ്ക്കൽ |
| മുതലക്കോടം | റവ. ഫാ. ജോൺസൺ പഴയപീടികയിൽ |
| | റവ. ഫാ. സ്കറിയ മെതിപ്പാറ |
| കുറുപ്പംപടി | റവ. ഫാ. ജോസഫ് പുളിക്കൽ |
| ആരക്കുഴ | റവ. ഫാ. പോൾ കാരക്കൊമ്പിൽ |
| | റവ. ഫാ. ആന്റണി മരുതുംമലയിൽ |
| വെളിയേൽച്ചാൽ | റവ. ഫാ. പോൾ ഇഞ്ചപ്ലാക്കൽ |

*YD 26/2025* **'തളിർ' പരിസ്ഥിതി ദിനാചരണം**

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ കോതമംഗലം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സഹകരണത്തോടെ ജൂൺ 14,15 തീയതികളിലായി 'തളിർ' പരിസ്ഥിതി ദിനാചരണം നടത്തപ്പെട്ടു. കദളിക്കാട് യൂണിറ്റിന്റെ സഹകരണത്തോടെ മടക്കത്താനം അസീസി സ്നേഹവീട്ടിൽ വൃക്ഷത്തൈ നട്ടു. പെരിങ്ങഴ, കോലടി, പരീക്കണ്ണി, നെല്ലിമറ്റം യൂണിറ്റുകളിലായി 50 വൃക്ഷത്തൈകൾ യുവജനങ്ങൾക്ക് നൽകി. സാന്നിധ്യ സഹകരണങ്ങൾ കൊണ്ട് ഒപ്പമായിരുന്ന സോഷ്യൽ സർവീസ് സൊസൈറ്റി അസി. ഡയറക്ടർ റവ. ഫാ പൗലോസ് നെടുംതടത്തിൽ, യൂണിറ്റ് ഡയറക്ടർമാർ, അസി. ഡയറക്ടർമാർ യൂണിറ്റ് പ്രസിഡന്റുമാർ, ഒപ്പം എല്ലാ യുവജന സുഹൃത്തുക്കൾക്കും നന്ദി.

*Director*

## ജീസസ് യൂത്ത്

*JY 19/2025* **CPG , HOUSEHOLD**

**& The Seraphic Stage Zonal Night Vigil**

**Subzone Central Prayer Group**

കോതമംഗലം : ചൊവ്വാഴ്ചകളിൽ സെന്റ് ജോസഫ് അസൈലം ഹോം, കോതമംഗലം
തൊടുപുഴ : ബുധനാഴ്ചകളിൽ സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, തൊടുപുഴ

ജൂലൈ മാസത്തെ ഹൗസ്ഹോൾഡ് കൂട്ടായ്മ 6-ാം തീയതി ഞായറാഴ്ച തൊടുപുഴ സബ് സോണിന്റേത് മൈലക്കൊമ്പ് സാൻ പിയോ സെന്ററിൽ വച്ചും മൂവാറ്റുപുഴ സബ് സോണിന്റേത് സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ചും കോതമംഗലം സബ് സോണിന്റേത് സെന്റ് ജോസഫ് അസൈലം ഹോമിൽ വച്ചും നടത്തപ്പെടുന്നതാണ്.

ജൂലൈ മാസത്തെ കോതമംഗലം സോണൽ നൈറ്റ് വിജിൽ 11-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തപ്പെടുന്നതാണ്.

*JY 20/2025* **TOC**

ജീസസ് യൂത്ത് കോതമംഗലം ടീൻസ് ടീമിന്റെ ആഭിമുഖ്യത്തിൽ Teens Of Christ (TOC) one day പ്രോഗ്രാം മൂവാറ്റുപുഴ നിർമ്മല സ്കൂളിൽ വച്ച് ജൂലൈ 12-ാം തീയതി നടത്തപ്പെടുന്നതാണ്.

*Animator*

## കത്തോലിക്കാ കോൺഗ്രസ്

*CC 7/2025* **കത്തോലിക്ക കോൺഗ്രസ് 17-ാമത് ജന്മവാർഷികാഘോഷവും മഹാറാലിയും**

'സമുദായ ശക്തീകരണം രാഷ്ട്ര പുരോഗതിക്ക്' എന്ന ആപ്ത വാക്യത്തോടെ പാലക്കാട് രൂപതയുടെ ആതിഥേയത്വത്തിൽ മെയ് 17, 18 തീയതികളിൽ പാലക്കാട് നടന്ന 107-ാമത് ജന്മവാർഷിക സമുദായ സമ്മേളനത്തിലും മഹാറാലിയിലും നമ്മുടെ രൂപതയിൽ നിന്നും 60 പേർ പങ്കെടുത്തു.

*CC 8/2025* **അനുശോചനം**

കത്തോലിക്ക കോൺഗ്രസ് രൂപതാ മുൻ പ്രസിഡന്റ് ശ്രീ. ജോസ് പുതിയിടത്തിന്റെ പിതാവിന്റെ നിര്യാണത്തിൽ രൂപത സമിതി അനുശോചനം അറിയിക്കുകയും വസതിയിൽ എത്തി പ്രാർത്ഥിക്കുകയും അന്തിമോപചാരം അർപ്പിക്കുകയും ചെയ്തു.

*CC 9/2025* **രൂപത കമ്മിറ്റി**

രൂപത ഭാരവാഹികൾ ഒരുമിച്ച് ഭാവി പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

### *CC 10/2025* നാരങ്ങാനം കുരിശിനോടുള്ള അവഹേളനം കത്തോലിക്ക കോൺഗ്രസ് പ്രതിഷേധിച്ചു

തൊമ്മൻകുത്ത് പള്ളിയുടെ ഭാഗമായി നാരങ്ങാനത്ത് സ്ഥാപിച്ച കുരിശ് പൊളിച്ചു നീക്കിയ വനം വകുപ്പിന്റെ നടപടിയിൽ കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതി പ്രതിഷേധിച്ചു. വനം വകുപ്പിന്റെ നടപടിയിൽ വിശ്വാസി സമൂഹത്തിനുണ്ടായ മുറിവുണക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്നും കത്തോലിക്കാ കോൺഗ്രസ് ആവശ്യപ്പെട്ടു.

കുരിശ് പൊളിച്ച ദിവസം തന്നെ രൂപത പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ രൂപത സമിതി അംഗങ്ങൾ തൊമ്മൻകുത്ത് ഇടവകപ്പള്ളിയിൽ എത്തുകയും ഇടവകയുടെ പ്രധിഷേധങ്ങൾക്ക് ഐക്യദാർഢ്യം അറിയിക്കുകയും ചെയ്തു.

ദുഃഖ വെള്ളിയാഴ്ച നാരങ്ങാനത്തേക്ക് നടത്തിയ പരിഹാര പ്രദക്ഷിണത്തിൽ രൂപത ഭാരവാഹികൾ പങ്കെടുത്തു.

*Director*

---

## പ്രാർത്ഥനാഗ്രൂപ്പ്

---

### *PG 8/2025* KCSC കോതമംഗലം സോൺ, ജൂബിലേവൂസ് 2026

തിരുസന്നിധേ, ആയിരം ദിവസ ഒരുക്ക പ്രാർത്ഥന 1000ത്തിൽ 716–ാം ദിവസം ജൂൺ 16–ാം തീയതി, തിങ്കളാഴ്ച കോതമംഗലം സബ് സോണിൽ, കുട്ടമ്പുഴ സെന്റ് മേരീസ് ദൈവാലയത്തിൽ, വച്ച് നടത്തപ്പെട്ടു.

റവ. ഫാ. ഫെബിൻ കുന്നത്ത്, ജൂബിലി തിരിതെളിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു, സോൺ, സബ് സോൺ പ്രതിനിധികൾ, വിവിധ ഇടവകളിൽ നിന്നുളള പ്രാർത്ഥന കൂട്ടായ്മ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### *PG 9/2025* സുവർണ്ണ ജൂബിലി

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് ജൂൺ 14–ാം തീയതി ശനിയാഴ്ച തൃശൂർ

താലോർ ജറുസലേം ധ്യാന കേന്ദ്രത്തിൽ വച്ച്, സുവർണ്ണ ജൂബിലി ഉദ്ഘാടന കൂട്ടായ്മ, KCBC കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ, ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ നിർവഹിച്ചു. KCSC യുടെ 24 സോണിൽ നിന്നുള്ളവർക്കൊപ്പം കോതമംഗലം സോൺ, സബ് സോൺ പ്രതിനിധികൾ, വിവിധ ഇടവകകളിൽ നിന്നുള്ള പ്രാർത്ഥന കൂട്ടായ്മ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

*PG 10/2025* **പന്തക്കുസ്താ ദിനാചരണം**

KCSC കോതമംഗലം സോണൽ പന്തക്കുസ്താ ദിനാചരണം, ജൂൺ 3-ാം ചൊവ്വാഴ്ച്ച കാരക്കുന്നം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. സോണൽ ആനിമേറ്റർ റവ. ഫാ ആന്റണി വിളയപ്പിള്ളിൽ വി. കുർബാന അർപ്പിച്ചു, തുടർന്ന് വചന ശുശ്രൂഷ ബ്ര. തോമസ് കുമളി നയിച്ചു. സോൺ, സബ്സോൺ പ്രതിനിധികൾ, വിവിധ ഇടവകകളിൽ നിന്നുള്ള പ്രാർത്ഥന കൂട്ടായ്മ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

*PG 11/2025* **നൈറ്റ് വിജിൽ**

പന്തക്കുസ്താ തിരുനാളിനൊരുക്കമായി കോതമംഗലം സോണിന്റെ നേതൃത്വത്തിൽ ജൂൺ 6-ാം തീയതി ആദ്യ വെള്ളിയാഴ്ച്ച കാരക്കുന്നം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു, സോണൽ ആനിമേറ്റർ റവ. ഫാ. ആന്റണി വിളയപ്പിള്ളിയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി, പരിശുദ്ധ കുർബാന, സ്തുതി ആരാധന, വചന ശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന, അഭിഷേക പ്രാർത്ഥനയോടെ ശുശ്രൂഷകൾ സമാപിച്ചു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 10/2025* **പ്രാർത്ഥനകൾ**

സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ട് നമ്മെ പിരിഞ്ഞുപോയ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പക്ക് ലോകമെമ്പാടുമുള്ള സൊസൈറ്റി അംഗങ്ങൾ വേദനയോടെ പ്രാർത്ഥനകൾ അർപ്പിച്ചു. പാവ

ങ്ങളോടും അശരണരോടും പ്രത്യേകം അനുകമ്പ കാണിച്ചിരുന്ന പരി. പിതാവ് ഫ്രാൻസീസ് പാപ്പ, വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ വളരെയധികം പ്രോത്സാഹിപ്പിക്കുകയും സാധ്യമാകുന്ന വിധം സഹായിക്കുകയും ചെയ്തിരുന്നു.

2013–ൽ പോപ്പായി തിരഞ്ഞെടുക്കുന്നതിന് മുൻപ് ബ്യൂണസ് അയേഴ്സ് മെത്രാപ്പോലീത്തയായിരുന്ന കാലത്ത് സൊസൈറ്റി പ്രവർത്തകരോടൊപ്പം ഭവനസന്ദർശനങ്ങൾ നടത്താൻ പോകുമായിരുന്നു. അത്രയധികം അടുപ്പവും, സഹകരണവും അദ്ദേഹത്തിന് സൊസൈറ്റി പ്രവർത്തനങ്ങളോട് ഉണ്ടായിരുന്നു.

*SV 11/2025* **ടിന്നിംഗ് ഡേ**

ഏപ്രിൽ 23 വാ. ഫ്രെഡറിക് ഓസാനമിന്റെ ജന്മദിനം സൊസൈറ്റി അംഗങ്ങൾ ടിന്നിംഗ് ഡേ ആയി ആചരിച്ചു. അംഗങ്ങൾ എല്ലാവരും അന്നേ ദിവസം ദിവ്യബലിയിൽ പങ്കെടുത്ത് ഗുണകാംക്ഷികൾക്കുവേണ്ടി പ്രാർത്ഥിച്ചു. വാ. ഫ്രെഡറിക് ഓസാനമിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുവാൻ എല്ലാവരും ജപമാല ചൊല്ലി മാതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കണമെന്ന് പ്രസിഡന്റ് ജനറൽ ആഹ്വാനം ചെയ്തു.

*SV 12/2025* **ഏരിയ കൗൺസിൽ വാർഷികങ്ങൾ**

ഏരിയ കൗൺസിൽ വാർഷികങ്ങൾ ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കി. ഏസികളും, കോൺഫറൻസുകളും, റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു.

*SV 13/2025* **വിൻസെൻഷ്യൻ വോയ്സ് പുറത്തിറക്കി**

പുതുതായി തിരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ പിതാവ് ലിയോ 14–ാമൻ മാർപ്പാപ്പയുടെ ആകർഷകമായ മുഖചിത്രവുമായി പുതിയ ലക്കം വിൻസെൻഷ്യൻ വോയ്സ് പുറത്തിറക്കി. സി.സി, ഏ.സി, കോൺഫറൻസുകളുടെ വരവ് ചെലവ് കണക്കുകളും, വാർത്തകളും, സി.സി റിപ്പോർട്ടും അടങ്ങിയ വാർഷികപ്പതിപ്പ് ജൂൺ ആദ്യവാരം വിതരണം ചെയ്തു.

*SV 14/2025* **സി.സി വാർഷികം**

2024–25 വർഷത്തെ സി.സി വാർഷികം ജൂൺ 7 ശനിയാഴ്ച്ച വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളേജ് ഓഡിറ്റോറിയ

ത്തിൽ നടന്നു. 660-തിലധികം പേർ പങ്കെടുത്ത യോഗം കോതമംഗലം മെത്രാൻ അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. പിതാവ് തന്റെ സന്ദേശത്തിൽ സുവിശേഷത്തിലെ ധനികന്റെയും ലാസറിന്റേയും ഉപമ ഉദ്ധരിച്ച്, ധനികൻ ധനവാനായതുകൊണ്ടല്ല, മറിച്ച് സമ്പത്ത് പങ്കുവച്ചില്ല എന്നതുകൊണ്ടാണ് ന്യായവിധിക്ക് അർഹനായത് എന്നും, നമ്മൾ സമ്പത്ത് പങ്ക് വയ്ക്കുന്നവരാകണമെന്നും, നാം വിൻസെൻഷ്യന്മാർ, കരുണയുടേയും, സ്നേഹത്തിന്റേയും വക്താക്കളാകണമെന്നും ഉദ്ബോധിപ്പിച്ചു. സി.സി പ്രസിഡന്റ് ബ്ര. ബേബി ജോസഫ് തെക്കേചെരുവിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ, സി.സി ആത്മീയോപദേഷ്ടാവ് റവ. ഡോ. സ്റ്റാൻലി കുന്നേൽ അനുഗ്രഹ പ്രഭാഷണവും, മുൻ ഇന്റ. നാഷണൽ വൈ. പ്രസി. ബ്ര. ഡോ. ജോൺസൺ വറുഗീസ്, VJCET ഡയറക്ടർ റവ. ഡോ. പോൾ പാറത്താഴം എന്നിവർ ആശംസാ സന്ദേശങ്ങളും നൽകി. സി.സി സീനി. വൈ. പ്രസി. ബ്ര. അഡ്വ. ബാബു ജോസഫ് സ്വാഗതവും, സി.സി വനിതാ പ്രധിനിധി സി. ഡെയ്സി തങ്കച്ചൻ നന്ദിയും പറഞ്ഞു.

സി.സി സെക്രട്ടറി ബ്ര. ജോസ് കുര്യൻ കൂനംപാറയിൽ റിപ്പോർട്ടും, സി.സി ട്രഷറർ ബ്ര. ജേക്കബ് തോമസ് മുണ്ടത്താനത്ത് കണക്കുകളും അവതരിപ്പിച്ചു.

*Director*

# കേരള ലേബർ മൂവ്മെന്റ്

### *KLM 12/2025* നേതൃത്വ പരിശീലനം

കേരള നിർമ്മാണ തൊഴിലാളി ഫോറം രൂപതാ നേതൃത്വ സമ്മേളനം 10.07.2025 ശനിയാഴ് ഉച്ചകഴിഞ്ഞ് രണ്ടു മുതൽ നാലു വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരുന്നു. നിർമ്മാണ തൊഴിലാളി ഫോറത്തിന്റെ രൂപത, സോണൽ, ഇടവക ഭാരവാഹികൾ പങ്കെടുക്കണം.

### *KLM 13/2025* സ്വയം സഹായസംഘം നേതൃത്വ സംഗമം

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിലുള്ള വിവിധ സ്വയം സഹായ സംഘങ്ങളുടെ നേതൃത്വ സംഗമം 24.07.2025 ശനിയാഴ്ച രാവിലെ 10 മുതൽ 1 വരെ പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. എല്ലാ തൊഴിൽ SHG കളുടെയും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നി

വരാണ് സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്. കേന്ദ്ര തൊഴിൽ വിദ്യാഭ്യാസ മന്ത്രാലയവുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾക്ക് യോഗത്തിൽ വച്ച് രൂപം നൽകും.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

**July 2025**

| | | |
|---|---|---|
| 2 - 6 | - | Agape Retreat |
| 5 - 6 | - | KCYM Forane Leaders' Meeting |
| 10 - 12 | - | Pre Marriage Course |
| 12 - 13 | - | Catechism Teachers' Training |
| 19 | - | Kaikarans' Meeting |
| July 20 - Aug 1 | - | Priests' Retreat |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Thanikunnel Alex | **July** | 9 |
| " | Kodakallil Kuriakose | " | 15 |
| " | Kureekattil Kurian | " | 15 |
| " | Njaloor Cyriac | " | 15 |
| " | Aikkaramattam James | " | 25 |
| " | Arackal James | " | 25 |
| " | Choorathottiyil James | " | 25 |
| " | Ezhanikatt James | " | 25 |
| " | Kakkuzhi James | " | 25 |
| " | Kalapurayil James | " | 25 |
| " | Kallarackal James | " | 25 |
| " | Karakompil James | " | 25 |
| " | Mannathukaran Jacob | " | 25 |
| " | Mundolickal James | " | 25 |
| ". | Panachickal James | " | 25 |
| ". | Paracanal James | " | 25 |
| " | Puthiyedath Jacob | " | 25 |

| | | | |
|---|---|---|---|
| Rev. Fr. | Rathappillil Jacob | " | 25 |
| " | Thalappillil Jacob | " | 25 |
| " | Thayyil James | " | 25 |
| " | Vadakekudy James | " | 25 |
| " | Vadakumparambil Jacob | " | 25 |
| " | Vararappally James | " | 25 |
| " | Vattappallil Jacob | " | 25 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**മെയ് 2025**

25 • കോഴിക്കോട് രൂപതയുടെ അതിരൂപത പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു.

26 • ആനിക്കാട് ഇടവക ആരോലിച്ചാലിൽ റോബിൻ-റീന ദമ്പതികളുടെ മകൻ ഫ്രാൻസിസിനും ഉറുമ്പിൽ അനീഷ്-രഞ്ചു മകൾ അന്നക്കും പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു.

• തൊടുപുഴ കാഡ്സ് കാർഷികമേള സന്ദർശിച്ച് സന്ദേശം നൽകി.

27 • കുറുപ്പുംപടി പള്ളിയിൽ സി. എം. സി സന്യാസ സമൂഹത്തിലെ ഹസാരിബാഗ് പ്രോവിൻസിലെ സന്യാസിനിമാരുടെ ജുബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

28 • നിർമ്മല കോളേജിൽ നടത്തപ്പെട്ട നിർമ്മല-ന്യൂമാൻ കോളേജുകളുടെ സംയുക്ത സ്റ്റാഫ് മീറ്റിംഗിനു അദ്ധ്യക്ഷത വഹിച്ചു.

29 • കടവൂർ ഇടവകയിൽ ഇലഞ്ഞിക്കൽ പ്രിൻസ്-അക്ഷര ദമ്പതികളുടെ നാലാമത്തെ മകൾ അന്നയ്ക്ക് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

30 • ഇരിഞ്ഞാലക്കുട രൂപതയിൽ കുഴിക്കാട്ടുശ്ശേരിയിൽ വി. മറിയം ത്രേസ്യായുടെ തിരുന്നാളിനോടനുബന്ധിച്ചു നടത്തപ്പെട്ട ദീപശിഖാ പ്രയാണം സ്വീകരിക്കുകയും തിരുന്നാളിന് കൊടികയറ്റുകയും ആഘോഷമായ വി. കുർബാന അർപ്പിക്കുകയും ചെയ്തു.

**ജൂൺ 2025**

01 • വാഴക്കുളം ഇടവകയിൽ വി. കുർബാന അർപ്പിച്ചുകൊണ്ട് വിശ്വാസപരിശീലന വർഷത്തിന്റെ രൂപതാതല ഉദ്ഘാടനം നിർവഹിച്ചു.

02 • ആരക്കുഴ ഇടവകയിൽ കണ്ണാത്തുകുഴി ആനീസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

03 • തൊടുപുഴ ഇടവക തേക്കുംകാട്ടിൽ ഡോ. അബ്രാഹത്തിന്റെ ഒന്നാം ചരമവാർഷികത്തിൽ വി. കുർബാന അർപ്പിച്ച് കബറിടത്തിങ്കൽ പ്രാർത്ഥിച്ചു.

• പാലാരിവട്ടം പി.ഒ.സിയിൽ നടന്ന കെ.സി.ബി.സി മീറ്റിംഗിൽ സംബന്ധിച്ചു.

04 • അരിക്കുഴ പള്ളിയിൽ ബഹു. ഇമ്മാനുവൽ ആര്യപ്പിള്ളിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് വി. കുർബാന അർപ്പിച്ച് കാർമ്മികത്വം വഹിച്ചു.

06 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെട്ട സീറോ മലബാർ ലയിറ്റി കമ്മീഷന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

08 • കോതമംഗലം കത്തീഡ്രൽ പള്ളിയിൽ പന്തക്കുസ്തയോടനുബന്ധിച്ചു വി. കുർബാന അർപ്പിച്ച്, കുട്ടികളെ ആദ്യാക്ഷരം കുറിപ്പിച്ചു.

10 • കാഞ്ഞിരപ്പള്ളി രൂപതയിലെ നിരവ് പള്ളിയിൽ കല്ലറക്കൽ ബഹു. തോമസ് അച്ചന്റെ വല്യപ്പന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

13 • കരിമണ്ണൂർ ഇടവകയിൽ മഠത്തിക്കണ്ടത്തിൽ കുര്യന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• ചൊവ്വര നിത്യസഹായമാതാ ആശ്രമദൈവാലയത്തിൽ, മൈലക്കൊമ്പ് ഇടവകാംഗവും സി.എസ്.എസ്.ആർ സന്യാസ സമൂഹാംഗവുമായ കുന്നുംപുറത്ത് ബഹു. ബിജു അച്ചന്റെ മൃതസംസ്കാരത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

14 • തൊടുപുഴ എസ്.എ.ബി.എസ് ദിവ്യകാരുണ്യഭവനിൽ കുട്ടികൾക്കായുള്ള ഏകദിന പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് സന്ദേശം നല്കി.

• വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നടന്ന വിശ്വാസപരിശീലനത്തിന്റെ വാർഷിക സമ്മേളനത്തിലും അവാർഡ് ദാന ചടങ്ങിലും പങ്കെടുത്ത് സന്ദേശം നൽകി.

- മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന ജീസസ് യൂത്തിന്റെ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.
- മൈലക്കൊമ്പ് ദിവ്യരക്ഷാലയത്തിന്റെ 30-ാം വാർഷികത്തോടനുബന്ധിച്ച് നടത്തപ്പെട്ട മീറ്റിംഗിൽ പങ്കുചേർന്നു.

15 • നെയ്യശ്ശേരി പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

17 • കോതമംഗലം മാർ ബസേലിയോസ് ഡെന്റൽ കോളേജിൽ വച്ച് ബസേലിയോസ് മോർ ജോസഫ് ബാവയ്ക്ക് നല്കിയ സ്വീകരണത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

19 • ചങ്ങനാശേരി തോട്ടയ്ക്കാട് മോറോൻ മോർ ബസേലിയോസ് ക്ലീമിസ് ബാവയുടെ സഹോദരിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 • കീരംപാറ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

23 • മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെട്ട യൂദിത്ത്-നവോമി അംഗങ്ങളുടെ സമ്മേളനത്തിൽ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്യുകയും സന്ദേശം നല്കുകയും ചെയ്തു.

- വിൻസെൻഷ്യൻ സന്ന്യാസ സമൂഹാംഗവും മുതലക്കോടം ഇടവകാംഗമായ മാളിയേക്കൽ ബഹു. ജോൺ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കോട്ടയം അടിച്ചിറ ആശ്രമ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് മുഖ്യകാർമികത്വം വഹിച്ചു.

24 • കുറുപ്പംപടി സി.എം.സി മഠത്തിൽ വി. കുർബാന അർപ്പിച്ചു.

# Bishop's Engagements

## July 2025

| | | | |
|---|---|---|---|
| 01 | Tue | Academic Year Inauguration | Nirmala College |
| | | Academic Year Inauguration | Newman College |
| 03 | Thu | Holy Qurbana | Bethlehem |
| 05 | Sat | Mathruvedi Inauguration | NESTT |
| 06 | Sun | Pastoral Visit | Njayappilly |
| 19 | Sat | Kaikkkarans ' Gathering | NESTT |

| | | | |
|---|---|---|---|
| 20 | Sun | Pastoral Visit | Arikuzha |
| 20-25 | Sun-Fri | Priests' Annual Retreat | NESTT |
| 26 | Sat | Platinum Jubilee of Eparchy | Palai |
| | | Baptism | Pannimattam |
| 27-01 | Sun-Fri | Priests' Annual Retreat | NESTT |
| 28 | Mon | Baptism | Karimannoor |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് പ്ലാത്തോട്ടം | ചരമദിനം | 01-08-1970 |
| ഫാ. ജോസഫ് എടപ്പാട്ടുകാവുങ്കൽ | ,, | 06-08-2003 |
| ഫാ. വർഗീസ് നമ്പ്യാപറമ്പിൽ | ,, | 07-08-1994 |
| ഫാ. ജോസഫ് കോയിക്കക്കുടി (Sr) | ,, | 07-08-2002 |
| ഫാ. ജോർജ് എടാട്ടേൽ | ,, | 16-08-2010 |
| ഫാ. ജേക്കബ് തേവർപാടം | ,, | 18-08-2008 |
| ഫാ. മാത്യു മാതേയ്ക്കൽ | ,, | 25-08-1984 |
| ഫാ. ജോൺ കൊടിയമ്മാനാൽ | ,, | 25-08-2020 |
| ഫാ. ജോസഫ് അറയ്ക്കൽ | ,, | 25-08-2022 |
| ഫാ. ജോസ് കോടമുള്ളിൽ | ,, | 28-08-2015 |
| ഫാ. സഖറിയാസ് പിട്ടാപ്പിള്ളിൽ | ,, | 31-08-2000 |

# നിര്യാതയായി

## സി. അഗസ CMC കോക്കണ്ടത്തിൽ



| | |
|---|---|
| ഇടവക | - കലൂർ |
| ജനനം | - 15-05-1941 |
| ആദ്യവ്രതം | - 15-04-1963 |
| നിത്യവ്രതം | - 15-04-1967 |
| മരണം | - 05-06-2025 |
| മൃതസംസ്കാരം | - 07-06-2025 (മൂവാറ്റുപുഴ) |

# ആദരാഞ്ജലികൾ



## റവ. ഫാ. ഇമ്മാനുവേൽ ആര്യപ്പിള്ളിൽ

| | | |
|---|---|---|
| ഇടവക | : | അരിക്കുഴ |
| ജനനം | : | 09 - 12 - 1942 |
| തിരുപ്പട്ടം | : | 21 - 12 - 1969 |
| മരണം | : | 02 - 06 - 2025 |
| മൃതസംസ്കാരം | : | 04 - 06 - 2025 |

**സേവനരംഗങ്ങൾ**

അസ്തേന്തി: കരിമണ്ണൂർ, ഇരട്ടയാർ

വികാരി: ബഥേൽ, പെരിഞ്ചാൻകുട്ടി, മഞ്ഞപ്പാറ, മരിയാപുരം, നാടുകാണി, നെല്ലിപ്പാറ, ചെമ്മണ്ണാർ, ഉപ്പുതോട്, എല്ലക്കൽ, മേരി ലാൻഡ്, ചീനിക്കുഴി, ഉപ്പുകുന്ന്, മലയിഞ്ചി, പെരിങ്ങാശ്ശേരി, എഴുകുംവയൽ, പൊട്ടൻകാട്, പനംകുട്ടി, മുരിക്കാശ്ശേരി, രണ്ടാർ, ഞാറക്കാട്.



**രൂപതാ വിശ്വാസ പരിശീലന കൺവെൻഷൻ**

**വിശ്വജ്യോതി എൻജിനീയറിങ് കോളേജ് മൂവാറ്റുപുഴ**

Deivarajyam
July 2025

R.N.7623/63
Registered No: KL/ALY/0020/2023-2025
Date of Publication: 01/07/2025
Posted at Thodupuzha Stg.
Annual Subscription ₹500

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691
Kerala, India
www.dioceseofkothamangalam.org

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691